18/2010
25.01.2010

# ഇടയലേഖനം-100

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

ഇക്കഴിഞ്ഞ ജനുവരി 18-ാം തിയ്യതി ഒരു ചരിത്ര മുഹൂർത്തത്തിന് നമ്മുടെ രൂപത സാക്ഷ്യം വഹിച്ചു. അന്നാണ് പാലക്കാട് രൂപതയുടെ തമിഴ്നാട്ടിലുള്ള കോയമ്പത്തൂർ, ഈറോഡ്, കരൂർ, തിരുപ്പൂർ എന്നീ നാലു ജില്ലകളിലുള്ള സീറോമലബാർ സഭാംഗങ്ങൾക്കുവേണ്ടി രാമനാഥപുരം കേന്ദ്രമാക്കി ഒരു പുതിയ രൂപത സ്ഥാപിക്കപ്പെടുകയും അതിന്റെ പ്രഥമ മെത്രാനായി തൃശൂർ അതിരൂപതാംഗമായ ബഹു. പോൾ ആലപ്പാട്ട് അച്ചൻ നിയമിതനാവുകയും ചെയ്തുവെന്ന വിവരം ഔദ്യോഗികമായി പരസ്യപ്പെടുത്തിയത്. കോയമ്പത്തൂർ മേഖലയിലെ ആദ്യത്തെ ഇടവകപ്പള്ളിയും ഇപ്പോൾ ഫൊറോന പള്ളിയുമായ രാമനാഥപുരം ഹോളിട്രിനിറ്റി ദൈവാലയമാണ് പുതിയ രൂപതയുടെ കത്തീഡ്രലായി നിശ്ചയിച്ചിരിക്കുന്നത്. നമ്മുടെ രൂപതയുടെ വളർച്ചയുടെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ട സംഭവമാണിത്. വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥ്യം വഴി ദൈവം നൽകിയ ഈ അനുഗ്രഹത്തിന് നമുക്ക് നന്ദി പറയാം.

ഉദ്യോഗം, കച്ചവടം തുടങ്ങിയവയ്ക്കായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കോയമ്പത്തൂർ പ്രദേശത്തേക്ക് വർഷങ്ങൾക്കു മുൻപേ കുടിയേറിപ്പാർത്ത സീറോമലബാർ സഭാംഗങ്ങൾക്ക് അവരുടെ സ്വന്തം റീത്തനുസരിച്ച് ആത്മീയകാര്യങ്ങൾ നിറവേറ്റാനുള്ള





സൗകര്യമുണ്ടായിത്തുടങ്ങിയത് 1955 ഏപ്രിൽ 29-ാം തിയ്യതി മുതലാണ്. അന്നാണ് തൃശൂർ രൂപതയുടെ അജപാലന പ്രവർത്തന മേഖല കോയമ്പത്തൂർ രൂപതയുടെ പ്രദേശത്തേക്കുകൂടി വ്യാപിച്ച് കല്പനയുണ്ടായത്. അതേ തുടർന്ന് നമ്മുടെ വൈദികരും സന്യസ്തരും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നതിനുവേണ്ടി സേവന സന്നദ്ധരായി കടന്നുവന്നു. അവരുടെ തീഷ്ണതനിറഞ്ഞ പ്രവർത്തന ഫലമായി അജപാലന സംവിധാനങ്ങൾ ഉണ്ടായി. അതോടൊപ്പം വിശ്വാസികളുടെ എണ്ണത്തിലും കാര്യമായ വർദ്ധനയുണ്ടായി.

പാലക്കാട് രൂപത സ്ഥാപിതമായതും അതിന്റെ പ്രഥമ മെത്രാനായി മോൺ. ജോസഫ് ഇരിമ്പൻ നിയമിതനായതും 1974 ജൂൺ 20 നായിരുന്നു. നിയുക്ത രൂപതാദ്ധ്യക്ഷന്റെ മെത്രാഭിഷേകവും രൂപതയുടെ ഉദ്ഘാടനവും നടന്നത് ആ വർ,ഷം സെപ്റ്റംബർ 8-ാം തിയ്യതിയായിയരുന്നല്ലോ. പാലക്കാട് രൂപത സ്ഥാപിതമാകുന്നതിന് ഏതാനും മാസങ്ങൾക്കു മുമ്പുതന്നെ രാമനാഥപുരം കേന്ദ്രമായി കോയമ്പത്തൂർ ഫൊറോന രൂപീകരിക്കപ്പെട്ടിരുന്നു. രൂപത സ്ഥാപിതമായതിനെത്തുടർന്ന് ഈ പ്രദേശത്ത് കൂടുതൽ ദൈവാലയങ്ങളും അജപാലന സംവിധാനങ്ങളുമുണ്ടായി. അവിടെ അജപാലനശുശ്രൂഷ ചെയ്തിരുന്നവരുടെ അക്ഷീണമായ പരിശ്രമത്തിന്റെയും ദൈവപരിപാലനയിൽ ആശ്രയിച്ചുള്ള പ്രവർത്തനത്തിന്റെയും ഫലമായി രണ്ടു പതിറ്റാണ്ടുകൊണ്ട് കോയമ്പത്തൂർ മേഖലക്ക് ശക്തമായ ആത്മീയാടിത്തറ ലഭിച്ചു. പുരോഗതിയുടെ മാർഗ്ഗത്തിലൂടെ അതിവേഗം വളരുകയും ചെയ്തു. അഭിവന്ദ്യ ജോസഫ് ഇരിമ്പൻ പിതാവ് ഇതിനു നേതൃത്വം നൽകി. പാലക്കാട് രൂപതയുടെ ചുമതല ഏറ്റെടുത്തശേഷം ഞാനും ആ പ്രദേശത്തിന്റെ വളർച്ചയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

പാലക്കാട് രൂപതാ കാര്യാലയത്തിൽ നിന്ന് കോയമ്പത്തൂർ മേഖലയിലെ ഇടവകകളിലേക്കുള്ള ദൈർഘ്യം, യാത്രാക്ലേശങ്ങൾ, സാംസ്ക്കാരികവും ഭാഷാപരവുമായ വ്യത്യസ്തത, അജപാലനപര



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

മായ അസൗകര്യങ്ങൾ എന്നിവയ്ക്കെല്ലാം ശാശ്വതമായ പരിഹാരവും ആ പ്രദേശത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയും ഉണ്ടാകണമെങ്കിൽ അവിടെ ഒരു രൂപത സ്ഥാപിതമാകേണ്ടിയിരിക്കുന്നുവെന്ന് ബോധ്യപ്പെട്ട വൈദിക സമിതിയും ആലോചനാസമിതിയും അതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ എന്നോട് ആവശ്യപ്പെട്ടു. ഇതേ ആവശ്യം ആ പ്രദേശത്തുള്ളവരും രേഖാമൂലവും അല്ലാതെയും എന്നെ അറിയിച്ചു. അതേ തുടർന്നാണ് 2008ൽ കോയമ്പത്തൂർ ഫൊറോന രാമനാഥപുരം, ഗാന്ധിപുരം, ഈറോഡ് എന്നീ മൂന്നു ഫൊറോനകളായി പുനർവിന്യസിപ്പിച്ചതും അവയെ ഉൾപ്പെടുത്തി കോയമ്പത്തൂർ റീജിയൺ ആരംഭിച്ചതും അവിടെയൊരു സിഞ്ചെല്ലൂസിനെ നിയമിച്ചതും.

രൂപതാ സ്ഥാപനത്തിനുവേണ്ടിയുള്ള അപേക്ഷ നമ്മുടെ സഭയുടെ ശ്രേഷ്ഠ മെത്രാപ്പൊലിത്തായ്ക്ക് ഞാൻ സമർപ്പിച്ചത് 2008 ജൂൺ മാസത്തിലാണ്. അദ്ദേഹമത് ആ വർഷം ആഗസ്റ്റുമാസം നടന്ന സിനഡ് സമ്മേളനത്തിന്റെ പരിഗണനയ്ക്ക് വെച്ചു. സിനഡ് അക്കാര്യത്തിൽ അനുകൂല നിലപാടെടുക്കുകയും തുടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. അവയുടെ റിപ്പോർട്ട് 2009 ആഗസ്റ്റുമാസം കൂടിയ സിനഡ് സമ്മേളനത്തിന്റെ പരിഗണനക്ക് വന്നു. അതേ തുടർന്നാണ് രൂപതാ വിഭജനത്തിനും മെത്രാൻ നിയമനത്തിനും വേണ്ട അപേക്ഷ മാർപാപ്പയ്ക്ക് സമർപ്പിച്ചത്. നാലുമാസം കഴിഞ്ഞപ്പോൾ മാർപാപ്പയുടെ അംഗീകാരം കിട്ടി. ഇത്തരം അപേക്ഷകൾക്ക് ഇത്രവേഗത്തിൽ അംഗീകാരം കിട്ടുക പതിവില്ല. ദൈവത്തിന്റെ പ്രത്യേക പരിപാലന നാം ഇക്കാര്യത്തിൽ കാണുകയാണ്. അവിടുത്തേക്ക് നന്ദി പ്രകാശിപ്പിക്കാം. മാർപാപ്പയോടും ശ്രേഷ്ഠ മെത്രാപ്പൊലിത്തയോടും മെത്രാന്മാരുടെ സിനഡിനോടുമുള്ള നന്ദി ഞാൻ അറിയിക്കുന്നുണ്ട്.

വിഭജനം വളർച്ചക്കുവേണ്ടിയാണെങ്കിലും ഒരു കുടുംബമായി കഴിഞ്ഞിരുന്നവർ വളരെ വേഗത്തിൽ രണ്ടു കുടുംബമായിത്തീരുമ്പോൾ വേദനയുണ്ടാവുക സ്വാഭാവികമാണ്. ആ വേദന നമുക്കെല്ലാവർക്കുമുണ്ട്. എല്ലാം ദൈവഹിതം പോലെ നിറവേറട്ടെ. അവിടുന്ന് എല്ലാം നമ്മുടെ നന്മക്കുവേണ്ടിയാണല്ലോ ക്രമീകരിക്കുന്നത്. രാമനാഥപുരം





രൂപത ഉദ്ഘാടനം ചെയ്യപ്പെടുന്നതോടുകൂടെ അതിന്റെ കീഴിൽ വരുന്നവർ പാലക്കാട് രൂപതാംഗങ്ങളല്ലാതായി തീരുന്നെങ്കിലും നമ്മുടെ ഹൃദയങ്ങളും മനസ്സുകളും വിഭജിക്കപ്പെടാത്തിടത്തോളം കാലം ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പര സ്നേഹത്തിലും ഐക്യത്തിലും സഹകരണത്തിലും തുടരാൻ നമുക്ക് സാധിക്കും. അതിനുവേണ്ടി നാം പരിശ്രമിക്കണം. അതിനുള്ള അനുഗ്രഹം ദൈവം നമുക്ക് പ്രദാനം ചെയ്യട്ടെയെന്ന് ഞാൻ ഹൃദയപൂർവ്വം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പുതിയ രൂപതയുടെ ഇടയനായി നിയമിതനായിരിക്കുന്നത് ബഹു. പോൾ ആലപ്പാട്ട് അച്ചനാണ്. തൃശൂർ അതിരൂപതയിലെ പൊറത്തൂർ ഇടവകാംഗമായ അദ്ദേഹം 1987 ഡിസംബർ 27ന് വൈദികനായി. തുടർന്ന് മറ്റം ഫൊറോന പള്ളിയിൽ അസി. വികാരിയും പുതുശ്ശേരി, പാറന്നൂർ, പുത്തൂർ, മൂണ്ടൂർ എന്നീ പള്ളികളിൽ വികാരിയായും അതിരൂപതാ മൈനർ സെമിനാരിയിൽ ഫാ. പ്രീഫെക്ടായും, പ്രൊക്കുറേറ്ററായും അതരൂപതാ കാര്യാലയത്തിൽ നോട്ടറിയായും വൈസ് ചാൻസിലറായും സേവനമനുഷ്ഠിച്ചു. അതിനുശേഷം സഭാ നിയമത്തിൽ ഉപരി പഠനം നടത്തി റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഡോക്ടർ ബിരുദം നേടി.

അതിരൂപതയിൽ തിരിച്ചെത്തിയതിനുശേഷം അതിരൂപതാ വൈസ് ചാൻസലർ, മെത്രാപ്പൊലിത്തൻ കോടതി ഉപാദ്ധ്യക്ഷൻ, ജഡ്ജി, അതിരൂപതാ പബ്ലിക് റിലേഷൻസ് ഡയറക്ടർ, അതിരൂപതാ ചാൻസലർ, ദൈവദാസൻ ജോസഫ് വിതയത്തിലച്ചന്റെ നാമകരണകോടതി പ്രമോട്ടർ ഓഫ് ജസ്റ്റിസ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

ഇപ്പോൾ അതിരൂപതാ മൈനർ സെമിനാരി റെക്ടർ, മെത്രാപ്പൊലിത്തൻ കോടതിയദ്ധ്യക്ഷൻ, ജഡ്ജി, സീറോമലബാർ സഭാകോടതി ജഡ്ജി, തൃശൂർ മേരിമാതാ മേജർ സെമിനാരിയിൽ കാനൻ നിയമ പ്രൊഫസ്സർ, ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ നാമകരണകോടതി പ്രമോട്ടർ ഓഫ് ജസ്റ്റിസ് എന്നീ നിലകളിൽ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

പ്രവർത്തിച്ചു വരുന്നു. പരിചയ സമ്പന്നനും പ്രാപ്തനും പക്വമതിയുമായ ഒരു ഇടയനെയാണ് രാമനാഥപുരം രൂപതയ്ക്ക് ലഭിച്ചത്. ഏറ്റം അനുയോജ്യനായ അജപാലകനെ നല്കിയ ദൈവത്തെ നമുക്ക് സ്തുതിക്കാം. അദ്ദേഹത്തെ നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കാം.

തന്റെ നിയമന വാർത്ത പരസ്യപ്പെടുത്തിയ ദിവസം വൈകിട്ട് നിയുക്തമെത്രാൻ രാമനാഥപുരം സന്ദർശിക്കുകയുണ്ടായി. സ്നേഹോഷ്മളമായ സ്വീകരണമാണ് അദ്ദേഹത്തിന് അവിടെ ലഭിച്ചത്. പുതിയ രൂപതയിൽ ഉൾപ്പെടുന്ന ഇടവകകളിൽ നിന്നുള്ള വികാരിയച്ചന്മാരും സന്യസ്തരും ഇടവകജനങ്ങളും ഒത്തുകൂടി ആവേശത്തോടെ അദ്ദേഹത്തെ സ്വാഗതം ചെയ്തു. അതുകണ്ട് ഞാൻ സന്തോഷിച്ചു. പുതിയ ഇടയന് ലഭിക്കുവാൻ പോകുന്ന സ്നേഹത്തിന്റെയും സ്വീകരണത്തിന്റെയും സഹകരണത്തിന്റെയും നാന്ദിയായി ഞാൻ അതിനെ കാണുന്നു. രാമനാഥപുരം രൂപത എല്ലാ അർത്ഥത്തിലും ഒരു ആട്ടിൻപറ്റവും ഒരു ഇടയനുമാകണം. അതുകണ്ട് പാലക്കാട് പ്രദേശത്തുള്ളവർ സന്തോഷിക്കും, അഭിമാനിക്കും, ദൈവത്തിന് നന്ദി പ്രകാശിപ്പിക്കും.

നിയുക്ത മെത്രാന്റെ അഭിഷേകവും പുതിയ രൂപതയുടെ ഉദ്ഘാടനവും പുതു ഞായറാഴ്ചയായ 2010 ഏപ്രിൽ 11-ാം തിയ്യതി രാമനാഥപുരത്തുവെച്ച് നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. അന്ന് ഉച്ച കഴിഞ്ഞ് 2.30ന് പരിപാടികൾ ആരംഭിക്കും. അതിന്റെ വിശദവിവരങ്ങൾ ബന്ധപ്പെട്ട വേദികളിൽ ചർച്ച ചെയ്തശേഷം അറിയിക്കുന്നതാണ്. പരിപാടികൾ മംഗളകരമായും ഭക്തിനിർഭരമായും അനുഗ്രഹപ്രദമായും നടത്തപ്പെടുന്നതിനുവേണ്ടി നിങ്ങളേവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണം. പുതിയ രൂപതയുടെ സംവിധാനങ്ങൾക്കു വേണ്ടി പാലക്കാട് ജില്ലയിലുള്ള ഇടവകാംഗങ്ങളും കഴിവനുസരിച്ച് സംഭാവന നൽകണമെന്നും അഭ്യർത്ഥിക്കുന്നു. പ്രസ്തുത സംഖ്യ പുതിയ രൂപതയുടെ നിയുക്ത മെത്രാനെ ഏല്പ്പിക്കുന്നതിനുവേണ്ടി രണ്ടു മാസത്തിനുള്ളിൽ രൂപതാകാര്യാലയത്തിൽ എത്തി





ക്കേണ്ടതാണ്. നമ്മെ അത്ഭുതകരമായി പരിപാലിക്കുകയും വഴിനടത്തുകയും ചെയ്ത ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാം.

ഇന്ന് അർദ്ധരാത്രി മുതൽ വലിയ നോമ്പ് ആരംഭിക്കുകയാണ്. ആത്മവിശുദ്ധീകരണത്തിനും ജീവിതനവീകരണത്തിനുമുള്ള അവസരമാണ് നോമ്പുകാലം. ആത്മപരിശോധന ചെയ്ത് നമ്മുടെ വിശ്വാസത്തെ ക്രിസ്തുവിൽ ബലപ്പെടുത്തേണ്ട സമയമാണിത്. മരുഭൂമിയിൽ ക്രിസ്തുവിനു നേരിട്ട പ്രലോഭനങ്ങളെക്കുറിച്ച് ധ്യാനിച്ചുകൊണ്ടാണ് ആത്മപരിവർത്തനത്തിന്റെ നാളുകളിലേക്ക് നാം കടക്കുന്നത് (ലൂക്കാ 4:1-13). ദൈവത്തെയും അവിടുത്തെ പദ്ധതിയെയും മാറ്റിനിറുത്തി, സ്വന്തം താത്പര്യങ്ങളും ഭൗതിക കാഴ്ചപ്പാടുകളും അനുസരിച്ച് ജീവിക്കാനുള്ള മനുഷ്യന്റെ പ്രലോഭനങ്ങളാണവ. ശരിയല്ലാത്ത മാർഗ്ഗത്തിലൂടെ എളുപ്പത്തിൽ കാര്യങ്ങൾ നേടിയെടുക്കാൻ മനുഷ്യൻ എപ്പോഴും പ്രലോഭിപ്പിക്കപ്പെടുന്നു. തന്റെ മനുഷ്യത്വത്തിൽ അനുഭവിച്ച പ്രലോഭനങ്ങളെ പ്രാർത്ഥനയിലൂടെയും തപസ്സിലൂടെയും ദൈവപുത്രനായ യേശു അതിജീവിച്ചു. അതു തന്നെയാണ് അവിടത്തെ അനുയായികളായ നമ്മളും സ്വീകരിക്കേണ്ട മാർഗ്ഗം. എപ്പോഴും ദൈവഹിതമനുസരിച്ചു നമ്മുടെ ജീവിതം ക്രമീകരിക്കാനും ചിട്ടപ്പെടുത്താനും നോമ്പുകാലം നമുക്കു പ്രയോജനപ്പെടുത്താം.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **ഫെബ്രുവരി 14-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

## 2010 ഫെബ്രുവരി 14 തിരുബാലസഖ്യദിനം

**മിശിഹായിൽ പ്രിയപ്പെട്ട മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, കുഞ്ഞുമക്കളേ**

ഫെബ്രുവരി 14–ന് ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുകയാണല്ലോ. കുഞ്ഞുങ്ങളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വച്ച് കൊണ്ട് പ്രവർത്തിക്കുന്നതും ആഗോളകത്തോലിക്കാ സഭ മുഴുവൻ വ്യാപിച്ചു കിടക്കുന്നതുമായ കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843–ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യ സംഘടനാ സ്ഥാപകൻ. 1922 ൽ പത്താം പീയൂസ് മാർപ്പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950 ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പ തിരുബാലസഖ്യദിനം സാർവ്വത്രിക സഭ മുഴുവനും ആചരിക്കുവാൻ ആഹ്വാനം ചെയ്യുകയ്യും ചെയ്തു. എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2–ാം ഞായറാഴ്ചയാണ് തിരുബാലസഖ്യദിനമായി തിരുസഭ ആചരിക്കുന്നത്. അന്നേ ദിവസം തന്നെ നമ്മുടെ ഇടവകകളിൽ തിരുബാലസഖ്യദിനം സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കുഞ്ഞുങ്ങൾ സഭയുടെ സമ്പത്തും രാഷ്ട്രത്തിന്റെ മുതൽക്കുട്ടുമാണ്. അവരെ ഉത്തമ പൗരൻമാരും യഥാർത്ഥ സഭാമക്കളുമായി വളർത്തുക എന്നതു ഇന്ന് വളരെ ക്ലേശപൂർണമായിരിക്കുന്നു. കുഞ്ഞുങ്ങളെ നന്മനിറഞ്ഞവരായി ഉത്തമ ദിശാബോധത്തോടെ വളർത്തുവാനുള്ള ഉത്തരവാദിത്വം മാതാപിതാക്കന്മാർക്കുണ്ട്. നസ്രത്തിലെ തിരുക്കുടുംബമായിരിക്കണം ഈ കാര്യത്തിൽ മാതാപിതാക്കന്മാരുടെ മാതൃക. ഈശോ ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നതുപോലെ നമ്മുടെ കുഞ്ഞുങ്ങൾ വളർന്ന് വരണം എന്നത് പിതാവായ ദൈവത്തിന്റെ സ്വപ്നമാണ്. കുഞ്ഞുങ്ങളെ അവരുടെ ചെറുപ്രായത്തിൽ തന്നെ സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും നാം പ്രാപ്തരാക്കണം. അതിന് തിരുബാലസഖ്യ സംഘടന വഹി





ക്കുന്ന പങ്ക് വളരെ ശ്രദ്ധേയമാണ്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. രാഷ്ട്രീയ പാർട്ടികൾ കുഞ്ഞുമനസുകളെ അവർക്ക് അനുയോജ്യവുമാക്കി രൂപപ്പെടുത്തുവാൻ ശ്രമം ആരംഭിച്ചിരിക്കുന്നു. നിരീശ്വരവാദികളും സഭാവിരോധികളുമായ ഒരു തലമുറയെ വാർത്തെടുക്കുവാനുള്ള ഗൂഢശ്രമം നമ്മുടെ നാട്ടിൽ നടക്കുമ്പോൾ നമുക്ക് അത് കണ്ടില്ലെന്ന് നടിക്കാനാവില്ല. സഹനത്തിനും ത്യാഗത്തിനും സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. അതുകൊണ്ട് കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ മാതാപിതാക്കന്മാർ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു."മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നന്മയുണ്ടാകും, സ്നേഹിതരുടെ മുമ്പിൽ അവനെകുറിച്ച് അഭിമാനിക്കുകയും ചെയ്യും"(പ്രഭാ. 30: 2). സഭയോടൊത്ത് ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഒരു തലമുറയ്ക്ക് ജൻമം നൽകുവാൻ തിരുബാലസഖ്യ സംഘടന ശക്തിപ്പെടുത്തുന്നതിലൂടെ സാധിക്കുമെന്നതിൽ സംശയമില്ല. സഭയെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യത്തെയും അവഹേളനാ പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കുവാൻ ആസൂത്രിത ശ്രമങ്ങൾ നടക്കുന്നതിനെയും നിസ്സാരമായി തള്ളിക്കളയുവാനാവില്ല. ഈ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ തിരുബാലസഖ്യസംഘടനയുടെ പ്രസക്തി ഏറുകയാണ്.

ആദ്യകുർബാന സ്വീകരിക്കുന്നതുവരെയാണ് കുട്ടികൾ തിരുബാലസഖ്യത്തിൽ പ്രവർത്തിക്കുന്നത്. കുഞ്ഞുങ്ങള്ളുടെ സ്വഭാവരൂപീകരണത്തിൽ പ്രധാനപ്പെട്ട ഒരു കാലയളവാണിത്. നമ്മുടെ നേഴ്സറികളും, എൽ.കെ.ജി, യു,കെ.ജി ക്ലാസ്സുകളും നമ്മൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകത ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉണ്ണീശോയുടെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം സംഘടനയുടെ മദ്ധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖയും ഉപമദ്ധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണയിൽ കുഞ്ഞുങ്ങളെ വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കണം.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ഈ വർഷം ഫെബ്രുവരി 14-നാണ് ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. "കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ. കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ" എന്നതാണ് തിരുബാലസഖ്യത്തിന്റെ ആപ്തവാക്യം. തിരുബാലസഖ്യ ദിനാചരണത്തിലൂടെലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾ സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ പങ്കുചേർന്ന് പരസ്പരം സ്നേഹിച്ച് സഭയുടെ വിശ്വാസം ഏറ്റു പറയുന്നു. തിരുബാലസഖ്യദിന സ്ത്രോത്രക്കാഴ്ച ലോകമെമ്പാടുമുള്ള അനാഥ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനുമായി നൽകുന്നതിന് കഴിയുന്നതുംവേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

നമ്മുടെ ഇടവകകളിലെ 12 വയസിൽ താഴെ പ്രായമുള്ള കത്തോലിക്കാ ബാലികാബാലന്മാർ ഈ സംഘടനയിൽ അംഗങ്ങളായി ഒന്നിച്ച് പ്രവർത്തിച്ച് ഉണ്ണീശോയുടെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. അതിനായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന രൂപത ഫെറോന ഇടവക പ്രവർത്തകരും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ആനിമേറ്റേഴ്സും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒന്നിച്ചു കൂടി പ്രാർത്ഥന നടത്തേണ്ടതും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും ചെയ്യേണ്ടതുമാണ്. അങ്ങനെ ഭാവി സമൂഹത്തിന് അടിത്തറ പണിയണം.

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, നിങ്ങളെ എല്ലാവരെയും ഞാൻ ഉണ്ണിശോയ്ക്ക് സമർപ്പിക്കുന്നു. ബാലനായ ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നതുപോലെ, ഈശോയെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്തോടൊപ്പം വളരുവാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ





25-2010
29.01.10

# വിജ്ഞാപനം - 96

**പാലക്കാട് രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും സഹോദരി സഹോദരന്മാർക്കും കുട്ടികൾക്കും ആശീർവാദം.**

രൂപതയിലെ വൈദികരുടെ അലവൻസിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതാണെന്ന് ബോധ്യപ്പെട്ടതിനാൽ താഴെ പറയുന്ന ക്രമീകരണം വരുത്തിയിരിക്കുന്നു.

ഇടവക വികാരിക്ക്- 4000 രൂപ, ആസ്തേന്തിക്ക് - 3950 രൂപ

ആഴ്ച്ചയിൽ ഒരു കുർബ്ബാനമാത്രമുള്ള സ്റ്റേഷൻ പള്ളികളിൽ നിന്ന് -500 രൂപ

ഒന്നിലധികം കുർബ്ബാനകളുണ്ടെങ്കിൽ ഓരോന്നിനും 150രൂപ കൂടുതൽ നൽകേണ്ടതാണ്. സ്റ്റേഷൻ പള്ളികളിലെ അലവൻസ് ബഹു.അച്ചൻ സ്ഥിരം താമസിക്കുന്ന പള്ളിയിൽ വരവുവെച്ച് രസീത് കൊടുക്കേണ്ടതാണ്. ആഴ്ച്ചയിൽ ഒരു കുർബ്ബാന മാത്രമാണെങ്കിൽ 100 രൂപയും ഒന്നിൽ കൂടുതലുണ്ടെങ്കിൽ ഓരോന്നിനും 50 രൂപയും സ്ഥിര താമസമുള്ള പള്ളിയിൽ നിന്ന് ബഹു. അച്ചന് സ്വീകരിക്കാവുന്നതാണ്.

മഠത്തിൽ നിന്ന് ഭക്ഷണം സ്വീകരിക്കുന്ന വൈദികർ മാസം 1500 രൂപ നൽകേണ്ടതാണ്. മറ്റു കാര്യങ്ങളെല്ലാം 2007 ജൂലായ് 31-ലെ തിരുകർമ്മ ധർമ്മ വിവരത്തിൽ കൊടുത്തതുപോലെ തുടരേണ്ടതാണ്. ഈ ക്രമീകരണം 2010 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടെ നിലവിൽ വന്നിരിക്കുന്നു.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്

**മാർ ജേക്കബ് മനത്തോടത്ത്**

+ J. Manathodath

Palakkad
January 18, 2010

പാലക്കാട് രൂപതയുടെ മെത്രാൻ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Diary

**February 2010**

| | | |
|---|---|---|
| 2 | | Karunai Illam, Karamadai |
| 3 | PM | Pre - Cana Talk, Yuvakshetra |
| 4 | | Mount St. Thomas |
| 5 | | Kottayam |
| 6 | PM | Meeting, Bishop's House |
| 7 | | Chulliamkulam |
| 8 | AM | Sehion Retreat Centre, Thavalam |
| 8-9 | | Priests' Tri Monthly Meeting, Yuvakshetra |
| 10-11 | | Catechism Commision Meeting, Kakkanad |
| 12 | | Marine Drive Convention |
| | | Konnoor, Church Blessing |
| 13 | | Episcopal Consecration, Mount St. Thomas |
| 14 | A.M. | Kozhijampara |
| | P.M. | Kollenkode |
| 15 | A.M. | Cathedral, Palakkad |
| 17-18 | | Mangalapuzha Semianary, Alwaye |
| 20 | PM | Deivadan, Vadakkenchery |
| 21-28 | | CBCI Meeting, Guahatti |

**March 2010**

| | | |
|---|---|---|
| 1-5 | | CBCI Meeting, Guahatti |
| 8 | | PSSP Meeting, Pastoral Centre |
| 11 | | Sehion Retreat Centre, Thavalam |
| 13 | | CMI Provincial House, Coimbatore |
| 14 | | Koonathara |







# From the Bishop's Office

**സ്മരണാഞ്ജലി**

റവ. ഫാ. വർഗ്ഗീസ്. യു. വാഴപ്പിള്ളി – ഫെബ്രുവരി 13

**ത്രൈമാസ സമ്മേളനം**

ബഹുമാനപ്പെട്ട വൈദികരുടെ ത്രൈമാസ സമ്മേളനം ഫെബ്രുവരി 8, 9 തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽ വെച്ച് നടത്തപ്പെടുന്നതാണ്. എല്ലാ രൂപതാ വൈദികരും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വാർഷിക സ്ഥിതി വിവര കണക്കുകൾ**

ഇടവകകളും സ്ഥാപനങ്ങളും 2008 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കി ജനുവരി 25–നു മുമ്പ് രൂപതാ ചാൻസിലറെ ഏൽപ്പിക്കേണ്ടതാണ്. സ്ഥിതി വിവര കണക്കുകൾ നൽകുവാനുള്ള ഫോം ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്ന് ലഭിക്കുന്നതാണ്.

**നോമ്പ് ആരംഭം**

ഫെബ്രുവരി 14–ാം തിയ്യതി ഞായറാഴ്ച പാതിരാത്രിമുതൽ വലിയ നോമ്പ് ആരംഭിക്കുന്നു. നോമ്പ് കാലത്ത് വിവാഹാഘോഷങ്ങൾക്ക് മുടക്കമായിരിക്കുമെന്ന് ഓർമ്മപ്പെടുത്തുന്നു.

**നിത്യാരാധനാ കപ്പേള**

ഫെബ്രുവരി 15–ാം തിയ്യതി വിഭൂതി തിരുനാളായതിനാൽ അന്നേ ദിവസം പാലക്കാട് നിത്യാരാധനാ കപ്പേളയിൽ ആരാധനയും വി. കുർബ്ബാനയും ഉണ്ടായിരിക്കുന്നതല്ല.

**വികാരിമാരുടെ ശ്രദ്ധക്ക്**

സ്ഥലം മാറിപ്പോകുന്ന വികാരിമാർ "പുതിയ വികാരിക്ക് ചാർജ്ജ് ഏൽപ്പിക്കുന്ന ഫോം" പൂരിപ്പിച്ച് ഒപ്പിടുകയും പുതിയ വികാരിക്ക് നൽകേണ്ടതുമാണ്. പുതിയ വികാരി ഫോറവും രേഖകളും ഒത്തുനോക്കി പ്രസ്തുത ഫോറം ഒപ്പിട്ട് ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതും, കോപ്പി രൂപതാ കച്ചേരിയിൽ ഏൽപ്പിക്കേണ്ടതുമാണ്.

രൂപതയിലേക്കുള്ള അപേക്ഷകളുടെയും മറ്റു സർട്ടിഫിക്കറ്റുകളുടെയും ഫോമുകൾ ഇപ്പോൾ www.palghatdiocese.org ലഭ്യമാണ്.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

## പള്ളിയുടെ വാർഷിക തെരട്ട്

“ഇൻകം ടാക്സ് റിട്ടേൺ” കൃത്യമായി അയയ്ക്കാനുള്ളതുകൊണ്ട് പള്ളി കണക്കുകൾ യഥാസമയം ഓഡിറ്റിങ്ങ് നടത്തി അരമനയിൽ 2010 ജൂൺ 30-നു മുമ്പെങ്കിലും ഏല്പിക്കേണ്ടതാണ്. ഓഡിറ്റിങ്ങ് ഇവിടെ നടത്തണമെന്നുള്ളവർ 2010 ഏപ്രിൽ 30-നു മുമ്പ് കണക്കു പുസ്തകങ്ങളും ബില്ലുകളും വൗച്ചറുകളും ബാങ്ക് രേഖകളും ഡെപ്പോസിറ്റ് രസീതുകളും എത്തിക്കണം. കണക്ക് പുറത്താണ് ഓഡിറ്റിങ്ങ് നടത്തുന്നതെങ്കിൽ Recepit & Payments, മാത്രം തയ്യാറാക്കിയാൽ മതി. ബാലൻസ്ഷീറ്റും, IT Return ഫോറങ്ങളും ഇവിടെ ക്രമപ്പെടുത്തുന്നതാണ്. IT Return അയയ്ക്കുന്ന ഇവിടുത്തെ ഓഡിറ്റർ വഴിയായതിനാൽ ഇരട്ടിചെലവ് വരാതിരിക്കുന്നതിനാണ് ഇക്കാര്യം സൂചിപ്പിക്കുന്നത്.

പള്ളി തിരട്ട് തയ്യാറാക്കുമ്പോൾ രൂപത തിരട്ടുഫോമിൽ കൊടുത്തതു പോലെ തന്നെ ക്രമപ്പെടുത്തുവാൻ ശ്രദ്ധിക്കണം. ഇന്റേണൽ ഓഡിറ്റിങ്ങിന് ആവശ്യമായ വ്യക്തികളെ ഇടവകയോഗം നേരത്തെ തെരഞ്ഞെടുത്ത് നിയോഗിക്കേണ്ടതാണ്. അവർ ഓഡിറ്റിങ്ങ് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ രൂപത നിയമാവലി പേജ് 271 – ൽ കാണുക.

തിരട്ട് സമർപ്പിക്കുമ്പോൾ രൂപതകാര്യാലയത്തിൽ നിന്ന് അടിച്ച ഇന്റേണൽ ഓഡിറ്റിങ്ങ് ഫോമും കൂടി പൂരിപ്പിച്ച് ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ തിരട്ടിനെ സംബന്ധിച്ച വിശദാംശങ്ങൾ രൂപത നിയമാവലി പേജ് 272-ൽ വിശദമായി ചേർത്തിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റിങ്ങ് കഴിഞ്ഞ കണക്ക് പ്രതിനിധിയോഗത്തിൽ പാസ്സാക്കുകയും തുടർന്ന് C.A ഓഡിറ്റിങ്ങ് നടത്തിയ കണക്ക് വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച് തിരട്ട് പാസ്സാക്കുകയും വേണം.

രൂപതയിൽ തെരട്ട് സമർപ്പിക്കുന്ന ക്രമത്തിൽ പള്ളികളുടെയും കൈകാരന്മാരുടെയും പേരുകൾ ബുള്ളറ്റിനിൽ ചേർക്കുന്നതാണ്.

പള്ളികളിലെ സംഘടനകളുടെ വാർഷിക കണക്ക് അതാതു സംഘടനകകളുടെ വാർഷിക പൊതുയോഗത്തിൽ വായിച്ചു പാസ്സാക്കുകയും, ഓരോന്നിന്റേയും സംക്ഷിപ്ത രൂപം ഇടവക വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.



## കേരളത്തിലെ കത്തോലിക്കാസഭയിൽ വിവാഹാശീർവാദത്തെയും വിവാഹാഘോഷങ്ങളെയും സംബന്ധിച്ച നടപടികളിൽ ഐക്യമുണ്ടാകാൻ കെ.സി.ബി.സി നല്കുന്ന നിർദ്ദേശങ്ങൾ

1 **അവിവാഹിതാവസ്ഥ സംബന്ധിച്ച സാക്ഷ്യപത്രം:** 1.1 ആറു മാസത്തിലേറെക്കാലം ഇടവകയ്ക്ക് വെളിയിൽ താമസിക്കുന്നവർ അക്കാലയളവിൽ തങ്ങൾ വിവാഹം നടത്തിയിട്ടില്ലെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം (Free State Certificate) അവർ താമസിച്ച സ്ഥലത്തെ വികാരിയിൽ നിന്ന് വാങ്ങിച്ച് ഹാജരാക്കണം. 1.2. താമസിച്ച സ്ഥലത്ത് വൈദികരില്ലെങ്കിൽ വിശ്വാസ്യതയുള്ള ഒരധികാരിയുടെ സാക്ഷ്യപത്രം മതിയാകും.

2 **വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്:** 2.1. നമ്മുടെ ഏതെങ്കിലും രൂപതയൊ വിവാഹാർത്ഥി അംഗമായിട്ടുള്ളതും കത്തോലിക്കാസഭയുമായി ധാരണയിലുള്ളതുമായ സഭകൾ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനമോ നടത്തുന്ന വിവാഹത്തിനൊരുക്കമായുള്ള കോഴ്സിൽ പങ്കെടുത്ത് വിവാഹത്തിനൊരുങ്ങിയിട്ടുണ്ടെന്ന സാക്ഷ്യപത്രം വിവാഹാർത്ഥികൾ ഹാജരാകേണ്ടതാണ്. 2.2. കേരളത്തിനകത്തും പുറത്തും വിദേശത്തും നടത്തുന്ന വിവാഹകോഴ്സുകളിൽ കെ.സി.ബി.സി അംഗീകരിച്ച സിലബസ് ഇല്ലാത്തവയും കോഴ്സ് ദിവസങ്ങൾ കുറവായവയുമായ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കാൻ പാടുള്ളതല്ല.

3 **വിവാഹവാഗ്ദാനം:3.1.** നമ്മുടെ സഭയിലെ ഒരു പ്രാചീന പതിവെന്ന നിലയിൽ വിവാഹവാഗ്ദാനച്ചടങ്ങ് പ്രോത്സാഹിപ്പിക്കപ്പെടണം. 3.2. വിവാഹാർത്ഥികൾ പരസ്പരം പരിചയപ്പെടാനും മനസ്സിലാക്കാനും വിവാഹവാഗ്ദാനം അവസരം നൽകുന്നുണ്ട്. 3.3. വിവാഹവാഗ്ദാനം പല കുടുംബങ്ങൾക്കും സാമ്പത്തികഭാരമായി തീരുന്നതുകൊണ്ടു കഴിയുന്നതും ലളിതമായി വിവാഹവാഗ്ദാനം നടത്തേണ്ടതാണ്. 3.4. സ്വയാധികാര സഭകളുടെ (Sui iurie Churches) നിയമങ്ങൾക്കനുസൃതമായി പ്രത്യേക സാഹചര്യങ്ങളിൽ വിവാഹവാഗ്ദാനം കൂടാതെ നടത്താൻ അനുവദിക്കാവുന്നതാണ്.

4 **വിളിച്ചുചൊല്ലൽ:4.1** നമ്മുടെ സഭയിൽ വിവാഹകാര്യം പരസ്യപ്പെടുത്താനുള്ള പരമ്പരാഗത മാർഗ്ഗമാണ് വിളിച്ചുചൊല്ലൽ. ഇത് വിവാഹവാഗ്ദാനത്തോട് സാരാംശപരമായി ബന്ധപ്പെട്ട കാര്യമല്ല. 4.2. വിവാഹം കഴിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യാനും വിവാഹ നടത്തിപ്പിൽ അപാകതയുണ്ടെങ്കിൽ അവ സഭാധികാരികളുടെ ശ്രദ്ധയിൽ പെടുത്താനുമാണ് വിവാഹം വിളിച്ച് ചൊല്ലുന്നത്.4.3. അതു

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

കൊണ്ട് മൂന്നു വിളിച്ചുച്ചൊല്ലൽ ഉറപ്പാക്കുന്നതിനുവേണ്ടി വിവാഹവാഗ്ദാനത്തിനു മുൻപേ വിളിച്ചുചൊല്ലൽ തുടങ്ങാവുന്നതാണ്.4.4. വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്തുന്നതിന് വിവാഹാർത്ഥികൾ ഇരുവരും ഒരാളുടെ ഫൊറോനാ വികാരിക്ക് അവരുടെ മാതാപിതാക്കളുടെയും വികാരിമാരുടെയും ശിപാർശയോടെ രേഖാമൂലം അപേക്ഷിക്കണം. 4.5.ഫൊറോനാ വികാരിയാണ് വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലാൽ നടത്താൻ അനുവാദം നല്കേണ്ടത്. 4.6. ഫൊറോന വികാരി നല്കുന്ന തീരുമാനത്തിന്റെ പകർപ്പ് വധുവിന്റെയും വരന്റെയും വികാരിമാർക്ക് നല്കേണ്ടതും കക്ഷികളിൽ ഒരാളുടെ ഫൊറോന വികാരി കൈക്കൊള്ളുന്ന തീരുമാനം ആദരിക്കപ്പെടേണ്ടതുമാണ്. 4.7. വിവാഹവാഗ്ദാനത്തിന് മുമ്പ് വിവാഹം വിളിച്ചുചൊല്ലാൻ അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് ഒരാഴ്ചമുമ്പെങ്കിലും വിവാഹവാഗ്ദാനം നടത്തിയിരിക്കണം.4.8. വിവാഹം വിളിച്ചുചൊല്ലുന്ന അന്നു തന്നെ വിവാഹം ആശീർവദിക്കപ്പെടാൻ പാടുള്ളതല്ല. 4.9. വിവാഹം ഇടവകയിൽ വിളിച്ചുച്ചൊല്ലുമ്പോൾ വിവാഹാർത്ഥികൾക്കായി പ്രാർത്ഥിക്കാൻ ഇടവകാംഗങ്ങളോട് അഭ്യർത്ഥിക്കണം.

5 **വിളിച്ചുചൊല്ലൽ കുറവു ചെയ്യൽ:** 5.1. വിവാഹവാഗ്ദാനത്തിനു മുമ്പ് വിളിച്ചുചൊല്ലൽ നടത്താമെന്നതുകൊണ്ട് മൂന്നു വിളിച്ചുചൊല്ലല്ലിന്റെ സംഖ്യ കുറയ്ക്കാൻ ഇടവരരുത്. 5.2. വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ, ഓരോ രൂപതയിലെയും നിലനിൽക്കുന്ന നിയമമനുസരിച്ച്, ഫൊറോന വികാരിക്കോ വികാരിക്കോ ഒരു വിളിച്ചുചൊല്ലൽ കുറയ്ക്കാവുന്നതാണ്. 5.3.ഒരു വിളിച്ചുചൊല്ലൽ മാത്രം നടത്തി വിവാഹം ആശീർവദിക്കുന്നതിന് പ്രത്യേക സാഹചര്യത്തിൽ രൂപതാ കാര്യാലയം വഴിയേ പാടുള്ളൂ. 5.4. അതിലേയ്ക്കായി അതാതുരൂപതകൾ നിശ്ചയിച്ചിരിക്കുന്ന കീഴ്‌വഴക്കങ്ങൾപാലിക്കുകയും വേണം.

6 **ഞായറാഴ്ച്ചകളിലെ വിവാഹാശീർവാദം:**6.1. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കപ്പെടണം. മതബോധനക്ലാസ്സുകൾക്ക് പ്രത്യേക പ്രാധാന്യം നൽകണം. 6.2.ഞായറാഴ്ചകളിലെ വിവാഹ ആശീർവാദം വിശ്വാസപരിശീനലത്തിന് തടസ്സം സൃഷ്ടിക്കാത്ത വിധത്തിലായിരിക്കണം. 6.3. ഞായറാഴ്ച്ചയുള്ള വിവാഹ ആശീർവാദം, വിവാഹം നടക്കുന്ന കുടുംബത്തിലെയും അവരുടെ അടുത്ത ബന്ധുക്കളായ കുട്ടികളുടെയും വിശ്വാസപരിശീലനത്തിന് തടസ്സമാകാൻ സാധ്യതയുള്ളതുകൊണ്ട് ഞായറാഴ്ചയുള്ള വിവാഹ ആശീർവാദം കഴിയുന്നത്ര പ്രോത്സാഹിപ്പിക്കരുത്.

7 **ആഗമനകാലത്തെ വിവാഹാശീർവാദം:7.1.** ആഗമനകാലത്തിന്റെ ചൈതന്യം സൂക്ഷിച്ചുകൊണ്ട് വ്യക്തിഗതസഭകളുടെ നിയമങ്ങൾക്കനുസൃതമായി വിവാഹം ആശീർവദിക്കാം. 7.2.ആഗമനകാലത്തെ വിവാഹ ആശീർവാദത്തിന് സ്വയാധികാര സഭകളുടെ നിയമങ്ങൾ പാലിക്കപ്പെടണം.

8 **വലിയ നോമ്പുകാലത്തെ വിവാഹാശീർവാദം:**8.1 വലിയ നോമ്പുകാലത്ത് വിവാഹാശീർവാദം നടത്താതിരിക്കുന്നതാണ് ഉത്തമം.8.2. അത്യാവശ്യസാഹചര്യങ്ങളിൽ വിവാഹാശീർവാദത്തിന് അനുവാദം നല്കാൻ രൂപതാ കാര്യാലയത്തിന് അധികാരമുണ്ടായിരിക്കും. 8.3. ഓരോ സ്വയാധികാരസഭയുടെയും നിയമങ്ങളെയും ആചാരങ്ങളെയും മാനിച്ചുകൊണ്ടായിരിക്കണം വലിയ നോമ്പുകാലത്തെ വിവാഹ ആശീർവാദം നടത്തേണ്ടത്.

9 **ആചാരങ്ങളുടെ വ്യത്യസ്തത:9.1.** വിവാഹാർത്ഥിയുടെയും വിവാഹാത്ഥിനിയുടെയും രൂപതകളിൽ വ്യത്യസ്ത ആചാരങ്ങളാണുള്ളതെങ്കിൽ, വിവാഹം ആശീർവദിക്കപ്പെടുന്ന രൂപതയുടെ ആചാരങ്ങൾക്ക് മുൻഗണന നല്കണം.

10 **വിവാഹ ആശീർവാദത്തിലെ ലാളിത്യം:10.1** വിവാഹത്തോടനുബന്ധിച്ച് വൻതോതിലുള്ള ആഡംബരവും ധൂർത്തും, മദ്യപാനം പോലും, ഉണ്ടാകുന്നത് ക്രിസ്തീയവിശ്വാസത്തിനു ചേർന്നതല്ല. 10.2. വിവാഹാഘോഷത്തിൽ മിതത്വം പാലിക്കാൻ എല്ലാവരും തയ്യാറാകണം. ഇതിലേയ്ക്കായി ജനങ്ങളെ ബോധവത്കരിക്കണം. 10.3 കടം വാങ്ങിച്ചു പോലും വിവാഹം ആഘോഷിച്ചു പാപ്പരാകുന്നവർ സമൂഹത്തിൽ കൂടിവരുന്നു.വിവാഹം ആഘോഷമാക്കി മാറ്റുന്നത് ധാർമ്മികമായി തെറ്റാണ്.10.4. സമ്പന്നർ തങ്ങളുടെ വിവാഹാവസരത്തിൽ വിവാഹം കഴിക്കാൻ പരാധീനതയുള്ളവർക്ക് സഹായം ചെയ്യാൻ തയ്യാറാകണം. 10.5. സ്ത്രീധനം വാങ്ങിക്കുന്നതും കൊടുക്കുന്നതും ഭാരതത്തിലെ നിയമപ്രകാരം ശിക്ഷാർഹമാണ്. ഇതേക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കണം. 10.6. മനസ്സമ്മതം വിവാഹം പോലെ വൻതോതിൽ ആഘോഷിക്കുന്നത് നിരുത്സാഹപ്പെടുത്തണം.

11 **വിവാഹരജിസ്ട്രേഷൻ:11.1.** വിവാഹം നടന്നു കഴിഞ്ഞാൽ ബന്ധപ്പെട്ട കക്ഷികൾ വിവാഹരേഖകൾ വികാരിയച്ചനിൽ നിന്ന് വാങ്ങി സർക്കാർ നിയമാനുസൃതമായ രജിസ്ട്രേഷൻ അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നടത്തേണ്ടതാണ്.

12 **വിവാഹനിർദ്ദേശങ്ങളിൽ തീർപ്പുകൽപ്പിക്കൽ:**12.1. ഓരോ സ്വയാധികാര സഭയിലെയും നിയമങ്ങളും ചട്ടങ്ങളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ആദരിക്കപ്പെടേണ്ടതാണ്.11.2. പ്രത്യേക സാഹചര്യങ്ങളിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ കാര്യാലയങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കും.

FEBRUARY 2010 Palakkad Rupatha Bulletin

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# രാമനാഥപുരം രൂപത

1974 സെപ്റ്റംബർ 8-ാം തിയ്യതി ഉദ്ഘാടനം ചെയ്യപ്പെട്ട പാലക്കാട് രൂപതയുടെ ഭാഗമായിരുന്ന കോയമ്പത്തൂർ, തിരുപ്പൂർ, ഈറോഡ്, കരൂർ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി കോയമ്പത്തൂർ നഗരത്തിലുള്ള രാമനാഥപുരം കേന്ദ്രമാക്കി പുതിയ രൂപതയുടെ രൂപീകരണത്തെ സംബന്ധിച്ച് സീറോമലബാർ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ നിന്ന് സഭയുടെ തലവനായ മാർ വർക്കി വിതയത്തലിന്റെ അധികാര പത്രത്തിലെ വിവരം 2010 ജനുവരി 18 തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് 4.30ന് പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് ബിഷപ്സ് ഹൗസിൽ വെച്ച് അറിയിച്ചു.

കോയമ്പത്തൂർ റീജിയനിലുള്ള സഭാവിശ്വാസികളുടെ താല്പര്യവും പാലക്കാട് രൂപത സമിതിയുടെയും വൈദിക ആലോചനാസമിതിയുടെയും വിലയിരുത്തൽ പരിഗണിച്ചും മാർ ജേക്കബ് മനത്തോടത്ത് സീറോമലബാർ ബിഷപ്സ് സിനഡിന് 2008-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ അനുകൂല തീരുമാനമുണ്ടാവുകയും പരിശുദ്ധ പിതാവിൽ നിന്ന് അംഗീകാരം ലഭിക്കുകയും ചെയ്തതോടെയാണ് രാമനാഥപുരം രൂപതയുടെ രൂപീകരണം നടന്നത്. ബിഷപ്പായി നിയമിതനായിരിക്കുന്നത് തൃശൂർ അതിരൂപതാംഗമായ മോൺ. പോൾ ആലപ്പാട്ട് അച്ചനാണ്. രാമനാഥപുരം ഹോളി ട്രിനിറ്റി ഫൊറോന പള്ളിയാണ് കത്തീഡ്രൽ.

രൂപതയിലെ വൈദികരും സന്യസ്തരും അല്മായ സഹോദരങ്ങളും ഒരുമിച്ച് പരിശുദ്ധാത്മാവിനെ വിളിച്ച് പ്രാർത്ഥിച്ച യോഗത്തിൽ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് ആദ്ധ്യക്ഷ്യം വഹിച്ചു. രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി യോഗാംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു. പുതിയ രൂപതയുടെ രൂപീകരണ നടപടികൾ അഭിവന്ദ്യ പിതാവ് വ്യക്തമാക്കി. രൂപതാ ചാൻസലർ റവ. മോൺ. ജോസഫ് വെളിയത്തിൽ പുതിയ രൂപതയെയും നിയുക്ത മെത്രാനെയും സംബന്ധിച്ച് മൗണ്ട് സെന്റ് തോമസിൽ നിന്നുള്ള ഔദ്യോഗിക അറിയിപ്പ് യോഗത്തിൽ വായിച്ചു. തുടർന്ന് നിയുക്ത മെത്രാനെ അഭിവന്ദ്യ പിതാവ് ഔദ്യോഗിക സ്ഥാന ചിഹ്നങ്ങളായ കുരിശുമാലയും മോതിരവും അരപ്പട്ടയും അണിയിച്ചു.

"എനിക്ക് ഇഷ്ടപ്പെട്ട അജപാലകരെ നൽകും" എന്ന ജറെമിയാ പ്രവാചകന്റെ വചനം ഉദ്ധരിച്ചുകൊണ്ട് പിതാവ് പറഞ്ഞു, മികച്ച അജപാലകനെയാണ് രാമനാഥപുരം രൂപതയ്ക്ക് ലഭിച്ചിരിക്കുന്നത് എന്ന്. എല്ലാവരുടെയും തീഷ്ണപ്രാർത്ഥനയും കൂട്ടായ്മയും ഒത്തിണങ്ങിയപ്പോൾ പരി



ശുദ്ധ ത്രിത്വം നമുക്ക് നൽകിയ അനുഗ്രഹമാണ് പുതിയ രൂപതയുടെ രൂപതാദ്ധ്യക്ഷനെന്ന് പിതാവ് കൂട്ടിച്ചേർത്തു. എല്ലാവിധ നടപടിക്രമങ്ങളും പൂർത്തിയാക്കി നാലുമാസത്തിനുള്ളിൽ പുതിയ രൂപത നിലവിൽ വരുന്ന ചരിത്രം ഭാരതസഭയിൽ ആദ്യത്തെ സംഭവമായിരിക്കാമെന്ന് പിതാവ് സൂചിപ്പിച്ചു. പുതിയ മെത്രാനെ അണിയിച്ച മാലയിലെ കുരിശ് "ആദ് ലിമിന" സന്ദർശന വേളയിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ തനിക്ക് സമ്മാനിച്ചതും മോതിരം പാലക്കാട് രൂപതയുടെ പ്രഥമ മെത്രാൻ മാർ. ജോസഫ് ഇരിമ്പൻ പിതാവിന്റേതുമാണെന്ന് പിതാവ് സാന്ദർഭികമായി പറയുകയുണ്ടായി. കുരിശിന്റെ പിന്നിലെ ലിഖിതം "ആഴത്തിലേക്ക് വലയിറക്കുക" എന്നർത്ഥമുള്ള *Duc in Altum* ലത്തീൻ വാക്കുകളാണ്. രാമനാഥപുരം രൂപതയിലെ ജനങ്ങളെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പ്രേഷിത തീഷ്ണതയുടെയും ആഴത്തിലേക്ക് നയിക്കുവാൻ രൂപതാദ്ധ്യക്ഷന് സാധിക്കട്ടെ എന്ന് പിതാവ് ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീ. കെ. പി. ലോറൻസ് മദർ ജനറാൾ റവ. സി. ടെസ്സി. ഒ.പി., മദർ പ്രൊവിൻഷ്യാൾ സി. ക്രിസറ്റ് എഫ്. സി. സി. കോയമ്പത്തൂർ റീജിയൻ കൈക്കാരന്മാരായ ശ്രീ. എ. എഫ്. ജോർജ്ജ്, ശ്രീ. കെ. എൽ. ജോബി, ശ്രീ. വിൻസന്റ് ഡിസിൽവ, പിതൃസംഘം പ്രസിഡന്റ് ശ്രീ. വർഗ്ഗീസ് അരിമ്പൂർ, മാതൃസംഘം പ്രസിഡന്റ് ശ്രീമതി. ആനി പൗലോസ് എന്നിവർ നിയുക്ത മെത്രാന് പൂച്ചെണ്ടുകൾ നൽകി ആദരിച്ചു. വൈദിക സെനറ്റ് സെക്രട്ടറി വെരി. റവ. ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ, സി.ആർ. ഐ. പ്രസിഡന്റ് വെരി. റവ. ഫാ. ആന്റണി പുത്തനങ്ങാടി CMI, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി റവ. ഫാ. തോം കിഴക്കേടത്ത്, ഗാന്ധിപുരം ഫൊറോന വികാരി വെരി. റവ. ഫാ. ജോസ് കന്നുകുഴി, ജെയ്ക്രിസ്റ്റോ പ്രൊവിൻഷ്യാൾ റവ. സി. പുഷ്പ സി.എം.സി, കെ. സി. വൈ.എം. രൂപതാ പ്രസിഡന്റ് ശ്രീ. ജിയോമി എം. ജോർജ്ജ്, കോയമ്പത്തൂർ റീജിയൻ കെ. സി. വൈ.എം. പ്രസിഡന്റ് ശ്രീ. പോൾസൺ, കോയമ്പത്തൂർ കേരള കത്തോലിക്കാ അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീ. മണി എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് നിയുക്ത ബിഷപ്പ് മോൺ. പോൾ ആലപ്പാട്ട് തന്റെ മറുപടി പ്രസംഗത്തിൽ അബ്രഹം കാനാൻ പ്രദേശത്ത് പോയതുപോലെയാണ് പുതിയ നിയമനത്തെ താൻ കാണുന്നതെന്ന് സൂചിപ്പിച്ചു. നിയോഗിച്ചവൻ വഴി നടത്തുമെന്ന ദൈവവചനമാണ് തനിക്ക് ശക്തി നൽകുന്നതെന്നും അദ്ദേഹം ആവർത്തിച്ചു. പുതിയ രൂപതയുടെ മുൻ സാരഥികളായി പ്രവർത്തിച്ച അഭിവന്ദ്യ പിതാക്കന്മാരെ അദ്ദേഹം കൃതജ്ഞതയോടെ പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കുകയുണ്ടായി. പുതിയ രൂപതയുടെ പ്രഖ്യാപനത്തിൽ പങ്കെടുത്ത എല്ലാവർക്കും കോയമ്പത്തൂർ റീജിണൽ

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

സിഞ്ചെല്ലൂസ് മോൺ. ജോർജ്ജ് നരിക്കുഴി നന്ദി രേഖപ്പെടുത്തി.
യോഗത്തിനു ശേഷം എല്ലാവരും ചേർന്ന് ദൈവാലയത്തിൽ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ "ലാൽ അലാഹ്" (സ്തോത്രഗീതം) ആലപിച്ചു. നിയുക്ത ബിഷപ്പ് ദൈവജനത്തെ ആശീർവദിച്ചു. ലഘു ഭക്ഷണത്തിനുശേഷം നിയുക്തമെത്രാനെ ജനങ്ങളുടെ അകമ്പടിയോടെ അഭിവന്ദ്യപിതാവ് പുതിയ രൂപാത ആസ്ഥാനമായ രാമനാഥപുരം കത്തിഡ്രലിലേക്ക് കൂട്ടിക്കൊണ്ടുപോയി.

തങ്ങളുടെ പുതിയ ഇടയനെ കാണുവാനും കേൾക്കുവാനുമുള്ള ആവേശത്തോടെ ധാരാളം വിശ്വാസികളും വൈദികരും സന്യസ്തരും രാമനാഥപുരം കത്തീഡ്രൽ അങ്കണത്തിൽ തടിച്ചുകൂടിയിരുന്നു. ദൈവാലയത്തിലെ പ്രാർത്ഥനക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം നൽകി. നിയുക്ത മെത്രാൻ ദൈവജനത്തെ ആശീർവദിച്ചു. തുടർന്നുള്ള യോഗത്തിൽ രാമനാഥപുരം കത്തീഡ്രൽ വികാരി മോൺ. ജോർജ്ജ് നരിക്കുഴി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാവ് നിയുക്ത മെത്രാനെ ദൈവജനത്തിന് പരിചയപ്പെടുത്തി. ഇത്രയും വേഗത്തിൽ കോയമ്പത്തൂർ ഭാഗത്ത് പുതിയ രൂപത നിലവിൽ വന്നു എന്നത് ജനത്തിന്റെ നന്മക്കു വേണ്ടി ദൈവം പ്രവർത്തിച്ച അത്ഭുതമാണെന്ന് പിതാവ് ഇവിടെയും ആവർത്തിച്ചു. കോയമ്പത്തൂർ ഭാഗം പാലക്കാട് രൂപതയിൽ നിന്ന് വേർപെടുന്നുവെങ്കിലും പാലക്കാടിനും കോയമ്പത്തൂരിനും അമ്മയും മകളും പോലെയുള്ള ബന്ധമാണുള്ളതെന്ന് പിതാവ് കൂട്ടിച്ചേർത്തു. *"The territory of the Diocese of Palghat has been divided but we are not divided. Our minds and hearts are not divided. We will ever remain united in Spirit, in Love and in Co-operation".* ഹൃദയത്തിന്റെ സ്പന്ദനം ഉൾച്ചേർന്ന ഈ വാക്കുകൾ ജന ഹൃദയങ്ങളിൽ സ്നേഹ നൊമ്പരങ്ങൾ ഉണർത്തുന്നതായിരുന്നു.

കോയമ്പത്തൂർ ഭാഗത്തുള്ള തന്റെ നിയമനത്തെ ദൈവനിയോഗമായി കാണുന്നുവെന്നും വിളിച്ചവൻ തന്നെ വഴിനടത്തുമെന്നും നിയുക്തമെത്രാൻ മോൺ. പോൾ ആലപ്പാട്ട് ദൈവജനത്തെ അറിയിച്ചു. രാമനാഥപുരം രൂപതയുടെ കത്തീഡ്രൽ ആയിരിക്കുന്ന രാമനാഥപുരം ഇടവക മെത്രാന്റെ ഇടവക എന്ന നിലയിൽ എല്ലാ തലങ്ങളിലും മറ്റു ഇടവകകൾക്ക് മാതൃകയായിരിക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഈറോഡ് ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. ഷാജി പണ്ടാരപ്പറമ്പിൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. ഭക്ഷണത്തിനുശേഷം അദ്ദേഹത്തെ തൃശൂർ നടത്തറ സെമിനാരിയിൽ കൊണ്ടാക്കുകയും ചെയ്തു.

സുവിശേഷ പ്രഘോഷണത്തിനും ദൈവരാജ്യ വിസ്തൃതിക്കും വേണ്ടി രൂപംകൊണ്ട പുതിയ രൂപതയ്ക്കും ഇടയനും കരുത്തേകുവാൻ ത്രിത്വേക ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

തയ്യാറാക്കിയത് : മോൺ. ജോസഫ് ചിറ്റിലപ്പിള്ളി



## THE SYRO-MALABAR MAJOR ARCHIEPISCOPAL CHURCH OF ERNAKULAM-ANGAMALY

Varkey Cardinal Vithayathil, C.Ss.R
Major Archbishop

**Prot. No. 34/2010**

**To**
**His Excellency**
**Mar Jacob Manathodath**
**Bishop's House, P.B. No.4 Noorani P.O., Palakkad 678 004 **

Your Excellency,

Greetings and best wishes from the Major Archiepiscopal Curia. This is to communicate to you a happy news.

As Your Excellency is well aware the Synod of Bishops of the Syro-Malabar Church held from 11 to 15 January 2010 at Mount St Thomas had given its assent to Your Excellency's proposal to erect the eparchy of Ramanathapuram carving out the areas in the Districts of Coimbatore, Erode, Karur and Tirupur in the State of Tamil Nadu from the eparchy of Palghat with its See and the Head-Quarters at Ramanathapuram. With the prior consultation with the Apostolic See in Rome I have made the canonical provision to this effect. The provision will take effect from Monday. $18^{th}$ January 2010.

The synod has elected **Rev. Fr. Paul Alappatt** belonging to the eparchial clergy of Trichur as the first bishop of the newly erected eparchy.

This news is to be announced publicly and made known to the people of God of Ramanathapuram **at 4.30 pm on Monday, $18^{th}$ January 2010** at the Episcopal residence of Ramanathapuram or in

a convenient place of your choice, preferably in the presence of the newly elected Bishop. Simultaneously it will be announced at the Major Archiepiscopal Curia and in the Vatican as well.

Until then the information contained in this letter shall remain ***sub secreto pontificio*** and shall not be made public in any manner. From the time of the announcement of the new canonical provision Your Excellency will remain in charge of the new eparchy until the newly elected assumes office.

I wish to extend my heartfelt congratulations and prayerful wishes as well as God's abundant blessings to the newly appointed bishop Mgr. Paul Alappatt for the success of his Episcopal ministry. May Mary the Most Blessed Mother of our Lord and Saviour and St Thomas the Apostle, our father in faith intercede for the new bishop and the people of God of Ramanathapuram.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on Friday, 15th January 2010.

The Syro-Malabar Major Archiepiscopal Curia

+Varkey Vithayathil

+Varkey Cardinal Vithayathil, C.Ss.R.
Major Archbishop of the Syro-Malabar Church

# Family Apostolate

**പ്രീകാന കോഴ്സ്**

**2010 ഫെബ്രുവരി 1, 2, 3, 4, മാർച്ച് 1, 2, 3, 4**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



50-C, NITI MARG, CHANAKYAPURI
NEW DELHI- 110021

APOSTOLIC NUNCIATURE
IN INDIA

N.27.469/10 January 18, 2010

Your Lordship,

I have the honour and privilege to communicate to Your Lordship that His Holiness, Pope Benedict XVI, has given his assent to the creation of the Eparchy of Ramanathapuram by carving out the civil districts of Coimbatore, Erode, Karur and Thirupur from the Eparchy of Palghat,-with its See and the Head-Quarters at Ramanathapuram. The Holy Father also has given his consent to the appointment of Reverend Monsignor Paul Alappatt, Rector of St. Mary's Minor Seminary and Judicial Vicar of the Archeparchy of Trichur, as Eparchial Bishop of the new Eparchy of Ramanathapuram

This ecclesiastical provision will be made public in Rome on Monday 18, 2010 at noon local time, corresponding to 16:30 hours, Indian Standard Time and would be subsequently published in the *Osservatore Romano*.

Till then, this news is to be maintained under the seal of the Pontifical Secret.

With respectful regards and best wishes, I remain

Yours sincerely in Christ

Msgr. Chibuike Onyeaghala Charge d'Affaires a. i.

To His Lordship
Most Reverend Mar Jacob Manathodath
Bishop of Palghat
Bishop's House
Noorani P.O. Palakkad- Pin 678 004

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-03-10 | MON | Rev. Fr. Angeveettil Jose |
| 02-03-10 | TUE | Rev. Fr. Anjilimoottil Cherian |
| 03-03-10 | WED | Rev. Fr. Arackal John |
| 04-03-10 | THU | Rev. Fr. Arikatt Anto |
| 05-03-10 | FRI | Rev. Fr. Arisseriyil Thomas |
| 06-03-10 | SAT | Rev. Fr. Chakkalakal Joshy |
| 08-03-10 | MON | Rev. Fr. Chakkumpeedika Davis |
| 09-03-10 | TUE | Rev. Fr. Cheniyara Jose |
| 10-03-10 | WED | V. Rev. Fr. Cheekkapara Joy |
| 11-03-10 | THU | Rev. Msgr. Chittilapilly Joseph |
| 12-03-10 | FRI | V. Rev. Fr. Chittilapilly Jose P. |
| 13-03-10 | SAT | Rev. Fr. Chothirakottu Peter |
| 15-03-10 | MON | Rev. Fr. Edathala George |
| 16-03-10 | TUE | Rev. Fr. Ettonnil Gilbert |
| 17-03-10 | WED | Rev. Fr. Ettumanookaran Martin |
| 18-03-10 | THU | V. Rev. Fr. Irimpen Sebastian |
| 19-03-10 | FRI | Rev. Fr. Kachapilly Joby |
| 20-03-10 | SAT | Rev. Fr. Kaitharath Antony |
| 22-03-10 | MON | Rev.Fr. Kalamattathil Arun |
| 23-03-10 | TUE | Rev. Fr. Kalampadan Martin |
| 24-03-10 | WED | Rev. Fr. Kalapurakkal Joseph |
| 25-03-10 | THU | Rev. Fr. Kallingal Joseph |
| 26-03-10 | FRI | V. Rev. Fr. Kalluvelil Jose |
| 27-03-10 | SAT | Rev. Fr. Kanjirathinkal Renny |
| 29-03-10 | MON | Rev. Fr. Kannampadathil Johnson |
| 30-03-10 | TUE | Rev. Fr. Kannampuzha Jose |
| 31-03-10 | WED | V. Rev. Fr. Kannumkuzhi Jose |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**



# വിശ്വാസ പരിശീലനം

### 10th, IIHDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്

ഞായറാഴ്ച്ച വേദോപദേശത്തിന്റെ 10th, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും മതബോധന കേന്ദ്രത്തിൽ ലഭ്യമാണ്. പത്താം ക്ലാസ്സിലെ സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ഫെബ്രുവരി 1-ാം തിയ്യതി ഉത്തരകടലാസ്സിനൊപ്പം മതബോധനകേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ജനനതിയ്യതി, മാമ്മോദീസ തിയ്യതി തുടങ്ങിയ എല്ലാ കാര്യങ്ങളും കൃത്യമായും നിർബന്ധമായും പൂരിപ്പിച്ച് നൽകണം. സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ചുനൽകുന്ന അവസരത്തിൽ സർട്ടിഫിക്കറ്റ് ഫീസായ 10/- രൂപയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്

### സൺഡേ സ്കൂൾ കേന്ദ്രീകൃത മൂല്യനിർണ്ണയം.

X, II HDC ക്ലാസ്സുകളിലെ ഉത്തരകടലാസ്സുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം ഫെബ്രുവരി 14-ാം തിയ്യതി ഞായറാഴ്ച്ച രാവിലെ 9.30 മണി മുതൽ പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നതാണ്. 10-ാം ക്ലാസ്സിലും IIHDC ക്ലാസ്സിലും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും സന്നിഹിതരാകേണ്ടതാണ്. മൂല്യനിർണ്ണയത്തിന് വരുന്നവർക്ക് വേണ്ടി വിശുദ്ധ കുർബ്ബാന പാസ്റ്ററൽ സെന്ററിൽ വെച്ച് ഉണ്ടായിരിക്കുന്നതാണ്.

NB : പഠിപ്പിക്കുന്ന പുസ്തകങ്ങളും കൂടെ കൊണ്ടുവരേണ്ടതാണ്.

### റീ-എക്സാമിനേഷൻ

II HDC പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കും തോറ്റവർക്കുമായി ഈ വർഷം മുതൽ റീ-എക്സാമിനേഷൻ ഉണ്ടായിരിക്കുന്നതാണ്. പത്താം ക്ലാസ്സിലെ റീ-എക്സാം തിയ്യതിയായ മാർച്ച് 21-ാം തിയ്യതി തന്നെയായിരിക്കും II HDC റീ-എക്സാമിനേഷൻ നടക്കുക. മാർച്ച് 22-ാം തിയ്യതി തിങ്കളാഴ്ച്ച ഉത്തരകടലാസ്സുകൾ ഓഫീസിൽ എത്തിക്കേണ്ടതാണ്.

സൺഡേസ്കൂൾ പത്താം ക്ലാസ്സിലേയും II HDC യിലേയും റീ-എക്സാമിനേഷൻ ചോദ്യപേപ്പർ ആവശ്യമുള്ളവർ മാർച്ച് 7-ാം തിയ്യതിയ്ക്കു മുമ്പായി മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### I-IX ക്ലാസ്സുകൾ

1 മുതൽ 9 വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ വേദപാഠം പരീക്ഷ ഫെബ്രുവരി 28-ാം തിയ്യതി ഞായറാഴ്ച്ചയാണ്. പരീക്ഷ 80 മാർക്കിൽ ആയിരിക്കും. ജനറൽ ക്വിസിൽ നിന്ന് രണ്ടാംഭാഗത്തിലെ

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ആദ്യത്തെ 100 ചോദ്യങ്ങളിൽ (211-311) നിന്ന് 5 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ബൈബിൾ ഭാഗം ഉല്പത്തി 39-50 അദ്ധ്യായങ്ങൾ. (V മുതൽ IX വരെ ക്ലാസ്സുകൾക്ക്). ഫെബ്രുവരി 22ന് ചോദ്യപേപ്പറുകൾ ഫൊറോന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

**സ്കോളിസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കോളസ്റ്റിക് ടെസ്റ്റ് മാർച്ച് 7-ാം തിയ്യതി ഞായറാഴ്ച 10.00 am മുതൽ 12.30 pm വരെ അതാതു യൂണിറ്റിൽ വെച്ച് നടക്കുന്നതാണ്. എല്ലാ അദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**മാർക്ക് വിഭജന രീതി**

1. 'ഞാനും നിന്നെ വിധിക്കുന്നില്ല' (മതാദ്ധ്യാപക സമ്മാനം 2009) 15 മാർക്ക്
2. രൂപത ബുള്ളറ്റിലെ ജനറൽ ക്വിസ് (ജൂൺ 2009-ഫെബ്രു. 2010) 25 മാർക്ക്
3. സഭാസംബന്ധമായ പൊതുവിജ്ഞാനം 10 മാർക്ക്
4. മതബോധന കേന്ദ്രത്തിൽ നിന്നും പ്രസിദ്ധീകരിച്ച ജനറൽക്വിസ് - 50 മാർക്ക്

ചോദ്യപേപ്പറിൽ എല്ലാ ചോദ്യങ്ങളും ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടവയായിരിക്കും. ഉത്തരകടലാസ്സിൽ പേര് എഴുതരുത്. പേരും ഇടവകയും ഒരു സ്ലിപ്പിൽ എഴുതി പിൻചെയുക. ഉത്തരകടലാസ്സിൽ ഇടവകയുടെ സീൽ വെയ്ക്കരുത്. ഉത്തരകടലാസ് മാർച്ച് 8-ാം തിയ്യതി തിങ്കളാഴ്ച്ച മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടാതാണ്.

**കോയമ്പത്തൂർ റീജിയൻ - രണ്ടാം സെമസ്റ്റർ പരീക്ഷ**

കോയമ്പത്തൂർ റീജിയനിലെ 1 മുതൽ 9 വരെ ക്ലാസ്സുകൾക്കുള്ള പരീക്ഷ ഫെബ്രുവരി 28-ാം തിയ്യതി ഞായറാഴ്ച്ചയാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

IV, VII, X, II HDC സൺഡേ സ്കൂൾ ക്ലാസ്സുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 14-ാം തിയ്യതിയാണ്. സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 10 ശനിയാഴ്ചയാണ്. (വിശദ വിവരങ്ങൾക്ക് കലണ്ടറിന്റെ 44-45 പേജ് കാണുക)

**മതാധ്യാപക ധ്യാനം**

മതാദ്ധ്യാപകർക്കായി താമസിച്ചുള്ള ധ്യാനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് 13,14,15,16 തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനത്തിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി മതബോധന കേന്ദ്രത്തിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 പേർക്ക് മാത്രമേ അവസരം ഉണ്ടായിരിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് 200 രൂപ.

**ക്രിസറ്റീൻ ധ്യാനം**

വിശ്വാസപരിശീലന ക്ലാസ്സുകളുലൂടെ ലഭിച്ച മിശിഹാ അനുഭവം ആഴപ്പെടുത്തുക, പ്രയോഗികതലത്തിൽ തീക്ഷണതയുള്ള കുട്ടികളെ





വാർത്തെടുക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി ഏപ്രിൽ 5 മുതൽ 10 വരെ തിയ്യതികളിൽ പാസ്റ്ററൽ സെന്ററിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. ആദ്യം രജിസ്ററർ ചെയ്യുന്ന 200 പേർക്ക് മാത്രമേ ധ്യാനത്തിൽ സംബന്ധിക്കുവാൻ അവസരമുണ്ടായിരിക്കുകയുള്ളൂ. രജിട്രേഷൻഫീസ് 300 രൂപ.

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസപരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകുന്നതിന്റെ ഭാഗമായി വചനഗിരി, വാൽകുളമ്പ് എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. എല്ലാ സഹകരണങ്ങൾക്കും ബഹു.വികാരിയച്ചനും, പ്രധാനഅദ്ധ്യാപകർക്കും, മതാദ്ധ്യാപകർക്കും നന്ദി പറയുന്നു.

**റഗുലർ സ്കൂൾ വാർഷിക പരീക്ഷ**

സ്കൂൾ വേദോപദേശം, സന്മാർഗ്ഗശാസ്ത്രം എന്നിവയുടെ വാർഷിക പരീക്ഷ 1 മുതൽ 9 വരെയുള്ള ക്ലാസ്സുകൾക്ക് ഫെബ്രുവരി 22-ാം തിയ്യതി തിങ്കളാഴ്ച്ച നടക്കുന്നു. ഫെബ്രുവരി 18 മുതൽ ചോദ്യപേപ്പറുകൾ മതബോധന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

**സ്കൂൾ കാറ്റിക്കിസം സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ്പ്**

IV, VII, X, II HDC ക്ലാസ്സുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള (കുറഞ്ഞത് 70% മാർക്ക് ഉണ്ടാകണം) 3 കുട്ടികൾക്ക് പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 8-ാം തിയ്യതിക്ക് മുൻമ്പായി മതബോധന കേന്ദ്രത്തിൽ പേർ രജിസ്റ്റർ ചെയ്യേണ്ടാതാണ്. സ്കളർഷിപ്പ് പരീക്ഷ ഏപ്രിൽ 5-ാം തിയ്യതി തിങ്കളാഴ്ച്ച 10.00 മണിമുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വച്ച് നടത്തപെടുന്നു.

**2009- 2010-ലെ മതബോധന പിരിവ് (തുടർച്ച)**

| | |
|---|---|
| ലൂർദ്ദ് മാതാ ഫൊറോന വടക്കഞ്ചേരി | 1000.00 |
| സെന്റ് ജോസഫ് ജോസ്ഗിരി | 100.00 |
| സെന്റ് ജോസഫ് കണ്ണമ്പ്ര | 250.00 |
| ഹോളിക്രോസ് പാടൂർ | 250.00 |
| സെക്രഡ് ഹാർട്ട് രാജഗിരി | 1000.00 |
| ക്രൈസ്റ്റ് തച്ചനടി | 250.00 |
| സെന്റ് ജോർജ്ജ് വചനഗിരി | 300.00 |
| സെന്റ് ആന്റണീസ് വാൽകുളമ്പ് | 200.00 |
| ഹോളിട്രിനിറ്റി യാക്കര | 500.00 |
| സെന്റ് ആന്റണീസ് ഫൊറോന മേലാർക്കോട് | 500.00 |
| സെന്റ് ജോസഫ് കാരാപ്പാടം | 500.00 |
| സെന്റ് പോൾസ് പൊള്ളാച്ചി | 500.00 |
| സെന്റ് പീറ്റേഴ്സ് ജെല്ലിപ്പാറ | 500.00 |
| ക്രൈസ്റ്റ് ദ കിംഗ് നെന്മാറ | 500.00 |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**കൈയ്യെഴുത്തു മാസിക രൂപതാ വിജയികൾ**

കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗശക്തിയെ കണ്ടെത്തുവാനും വളർത്തുവാനുമായി രൂപതതലത്തിൽ സംഘടിപ്പിച്ച കൈയ്യെഴുത്തു മാസിക മത്സരത്തിൽ ഇടവകകൾ സജ്ജീവമായി പങ്കുചേർന്നു. ക്രിസ്തീയ മൂല്യ ങ്ങളിൽ അധിഷ്ഠിതമായ രചനകളും, ചിത്രങ്ങളും വളരെ മനോഹരമായി കൈയ്യെഴുത്തു മാസികയിൽ പ്രകടമായി. ഇതിന് മുൻകൈ എടുത്ത വികാ രിയച്ചന്മാർക്കും പ്രധാനാദ്ധ്യാപകർക്കും മതാദ്ധ്യാപകർക്കും പങ്കെടുത്ത എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങളും നന്ദിയും രേഖപ്പെടുത്തുന്നു.

| | | |
|---|---|---|
| I | കഞ്ചിക്കോട് സൺഡേസ്കൂൾ | പുനർജ്ജനി |
| I | അഗളി സൺഡേസ്കൂൾ | അലിവ് |
| II | മംഗലം സൺഡേസ്കൂൾ | കാരുണ്യതൂവൽ |
| III | വടക്കഞ്ചേരി ഫൊറോന സൺഡേസ്കൂൾ | കനിവ് |
| III | കാഞ്ഞിരപ്പുഴ ഫൊറോന സൺഡേസ്കൂൾ | എൽറോയ് |
| | ഏറ്റവും നല്ല കവർ ഡിസൈൻ | |
| | കുനിയംമുത്തൂർ സൺഡേസ്കൂൾ | Metanoia |

**ഫൊറോനാതല വിജയികൾ**

**പാലക്കാട് ഫൊറോന**

പാലക്കാട് കത്തീഡ്രൽ സൺഡേസ്കൂൾ — കരുണാമൃതം

**കാഞ്ഞിരപ്പുഴ ഫൊറോന**

ചുള്ളിയാംകുളം സൺഡേസ്കൂൾ — സമാഗമം

**മണ്ണാർക്കാട് ഫൊറോന**

മണ്ണാർക്കാട് ഫൊറോന സൺഡേസ്കൂൾ — റൂആഹ്

ശ്രീകൃഷ്ണപുരം സൺഡേസ്കൂൾ — ഈഫ്ബീസ്

**ഒലവക്കോട് ഫൊറോന**

സെന്റ് ജൂഡ് മലമ്പുഴ സൺഡേസ്കൂൾ — അത്തിപ്പൂക്കൾ

ആനയ്ക്കൽ സൺഡേസ്കൂൾ — തിരിച്ചുവരവിന്

**ഒറ്റപ്പാലം ഫൊറോന**

കടമ്പൂർ ഒറ്റപ്പാലം സൺഡേസ്കൂൾ — ഷൈനോ

ഒറ്റപ്പാലം ഫൊറോന സൺഡേസ്കൂൾ — ധ്വനി

**വടക്കഞ്ചേരി ഫൊറോന**

പാലക്കുഴി സൺഡേസ്കൂൾ — സ്നേഹതീരം

**താവളം ഫൊറോന**

കാരറ സൺഡേസ്കൂൾ — മെത്തനോനിയ

**മേലാർക്കോട് ഫൊറോന**

നീതിപുരം സൺഡേസ്കൂൾ — സ്നേഹസ്പന്ദനം

**കോയമ്പത്തൂർ ഫൊറോന**

ഇടയപാളയം സൺഡേസ്കൂൾ — രഞ്ജനം





**നന്ദിയും സ്വാഗതവും**

സാൻജോ ബുക്ക് സ്റ്റാളിൽ അഞ്ച് വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ശേഷം ഇരിഞ്ഞാലക്കുട രൂപതയിലുള്ള പൊറത്തി ശ്ശേരിയിലേക്ക് സ്ഥലം മാറിപ്പോയ സി.ജോളി വടക്കന് ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു. ഭാവി പ്രവർത്തനങ്ങളിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

ഈ രംഗത്തേക്ക് കടന്നു വന്നിരിക്കുന്ന സി.ബെറ്റി കൂനംപ്ലാവിലിന് സ്വാഗതം ആശംസിക്കുന്നു. എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**അവാർഡ് ഡേ**

ലോഗോസ് ക്വിസ് 2009-ലെ വിജയികൾക്കുള്ള അവാർഡ് ദാന ചടങ്ങ് 2010 ജനുവരി 26 പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ റവ. ഡോ. മാത്യു വാഴയിൽ സ്വാഗതം ആശംസിച്ചു. ലോഗോസ് അവാർഡ് ദാന ചടങ്ങിൽ പാലക്കാട് രൂപതാ ദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് മുഖ്യ പ്രഭാഷണം നടത്തുകയും ലോഗോസ് അവാർഡ് ദാനം നിർവ്വഹിക്കുകയും ചെയ്തു. രൂപതാതലത്തിൽ കൈയ്യഴുത്ത് മാസികയ്ക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ വർക്കും ഫൊറോനതലത്തിൽസമ്മാനം നേടിയവർക്കും ട്രോഫികൾ നൽകി ആദരിച്ചു. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും സെക്രട്ടറിമാരുടെയും സംയുക്തസമ്മേളനം നടക്കുകയും വിശ്വാസപരിശീലനം കൂടുതൽ കാര്യ ക്ഷമമാക്കുവാൻ വേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഏകദേശം 150 പേർ സമ്മേളനത്തിൽ പങ്കെടുത്തു.

**കടുകുമണി ബൈബിൾ ക്വിസ്**

ആദിമ നൂറ്റാണ്ടു മുതൽ ദൈവജനത്തിന് മാർഗ്ഗവും ജീവനുമായ തിരു വചനത്തെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും പങ്കെവെയ്ക്കു വാനുമായി കടുകുമണി ബൈബിൾ ക്വിസ് നടത്തുന്നു.

**മത്സരനിബന്ധനകൾ**

* 15 നും 25നും മദ്ധ്യേ പ്രായമുള്ള ഏവർക്കും രണ്ട് പേരടങ്ങുന്ന ഗ്രൂപ്പു കളായി ഈ മത്സരത്തിൽ പങ്കെടുക്കാം.
* രണ്ട് തലങ്ങളിലായിട്ടാണ് മത്സരങ്ങൾ നടക്കുന്നത്. ആദ്യതലത്തിൽ സെലക്ഷൻ റൗണ്ട് ആയി എഴുത്തു പരീക്ഷയും അവസാനതല ത്തിൽ മൾട്ടീമീഡിയ സഹായത്തോടെ ഫൈനൽ റൗണ്ട് ഡിവൈൻ ടി,വിയിലും നടത്തുന്നു.
* മത്സരത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകൾ, രജിസ്ട്രേഷൻ ഫീസായ 200/- രൂപയും, വികാരി അച്ചന്റെ സമ്മതപത്രവും പൂർണ്ണ മായ മേൽവിലാസവും , ഫോൺ നമ്പരും എഴുതി മാർച്ച് 15-ാം തിയ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

തിക്ക് മുമ്പായി തപാൽ വഴിയോ, നേരിട്ടോ കടുകുമണി ഓഫീസിൽ എത്തിക്കണം.

* ഒരു ഇടവകയിൽ നിന്ന് എത്ര ഗ്രൂപ്പുകൾക്ക് വേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാം.
* ആദ്യതല പരീക്ഷയ്ക്കായി എല്ലാ രൂപതകളിലും കേന്ദ്രങ്ങൾ ഉണ്ടായിരിക്കും. രജിസ്റ്റർ ചെയ്തുകഴിയുമ്പോൾ പഠനസഹായിയുടെ ഒരു കോപ്പിയും പരീക്ഷാകേന്ദ്രങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നതാണ്.
* ആദ്യതല മത്സരത്തിൽ ഉയർന്ന മാർക്കു നേടുന്ന 40 ഗ്രൂപ്പുകൾ തെരഞ്ഞെടുക്കപ്പെടുന്നതായിരിക്കും.
* ആദ്യതല പരീക്ഷകൾ കടുകുമണി ബൈബിൾ ക്വിസിന്റെ ജൂറി പരിശോധനാവിധേയമാക്കി വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
* ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും
* പഠനവിഷയം: ബൈബിൾ ഒരു ആമുഖ പഠനം (Introduction to Bible)

**സമ്മാനങ്ങൾ**

1-ാം സമ്മാനം 15001/- രൂപയും ട്രോഫിയും പ്രശസ്തി പത്രവും
2-ാം സമ്മാനം 10001/- രൂപയും ട്രോഫിയും പ്രശസ്തി പത്രവും
3-ാം സമ്മാനം 5001/- രൂപയും ട്രോഫിയും പ്രശസ്തി പത്രവും
സ്ഥലം: ഡിവൈൻ ഇംഗ്ലീഷ് ക്യാംപസ്
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
ഇംപാക്ട്, വി.കെ.സി. പി.ഒ, തേവയ്ക്കൽ, കൊച്ചി 682 023
Mob: 9961932592, 9744268406, 9446630283, 9947611842

**ഓർമ്മിക്കേണ്ട ദിനങ്ങൾ**

1. മാർച്ച് 15ന് മുമ്പായി രജിസ്ട്രേഷൻ പൂർത്തിയാക്കിയിരിക്കണം.
2. ആദ്യതല എഴുത്തു പരീക്ഷ ഏപ്രിൽ 10-ാം തിയ്യതി രൂപതാകേന്ദ്രങ്ങളിൽ നടക്കുന്നതായിരിക്കും.
3. ഏപ്രിൽ 25-ാം തിയ്യതി മുതൽ അവസാനതല മത്സരങ്ങൾക്കായുള്ള ഒരുക്കവും തുടർന്ന് ഫൈനൽ റൗണ്ട് മത്സരം ഡിവൈൻ ടി.വിയ്ക്കായുള്ള ഷൂട്ടിങ്ങും നടക്കുന്നതായിരിക്കും.

**റെഗുലർ സ്കൂൾ പ്രവർത്തന റിപ്പോർട്ട്**

വിശ്വാസരൂപീകരണ കർമ്മപദ്ധതി അദ്ധ്യായന വർഷത്തിൽ പ്രാവർത്തികമാക്കിതിന്റെ റിപ്പോർട്ട് മാർച്ച് 31-ാം തിയ്യതി മതബോധന കേന്ദ്രത്തിൽ ലഭിക്കേണ്ടതാണ്.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി





# Bible Apostolate

**ലോഗോസ് ക്വിസ് 2010**
പാഠഭാഗം: പുറപ്പാട് 1-15, മത്തായി 1-14, യാക്കോബ് ശ്ലീഹ എഴുതിയ ലേഖനം
രൂപതാതല പരീക്ഷ തിയ്യതി.: 2010 സെപ്തംബർ 26 2.pm to 3.30 pm
സംസ്ഥാനതല പരീക്ഷ തിയ്യതി : 2010 നവംബർ 21

**ലോഗോസ് ക്വിസ് 2009 അവാർഡ് ദാനം**

ലോഗോസ് ക്വിസ് 2009-ലെ വിജയികൾക്കായുള്ള അവാർഡ്ദാന ചടങ്ങ് 2010 ജനുവരി 26-ന് പാലക്കട് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. തിരുവചനം വായിച്ച് പ്രാർത്ഥിച്ച് സമ്മേളനം ആരംഭിച്ചു. രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ റവ. ഡോ. മാത്യു വാഴയിൽ സ്വാഗതം ആശംസിച്ചു. ലോഗോസ് ക്വിസ് അവാർഡ് ദാന ചടങ്ങിൽ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് മുഖ്യ പ്രഭാഷണം നടത്തുകയും സംസ്ഥാനതലത്തിലും രൂപതാതലത്തിലും റാങ്ക് കിട്ടിയവരെ പ്രത്യേകം അഭിനന്ദിക്കുകയും സമ്മാനങ്ങൾ നല്കി ആദരിക്കുകയും ചെയ്തു. പങ്കെടുത്ത പ്രധാന അദ്ധ്യാപകർക്കും വിജയികൾക്കും നന്ദി രേഖപ്പെടുത്തുന്നു

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

വിൻസെൻഷ്യൻ വൈദിക വിദ്യാർത്ഥികൾ നയിക്കുന്ന
**ജീസസ് മിഷൻ ധ്യാനം**
ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകൾ തോറും നടത്തുന്ന
കുട്ടികളുടെ മൂന്നു ദിവസത്തെ
**ജീവിത നവീകരണധ്യാനവും കൂട്ടായ്മയും**
ജീസസ് മിഷൻ ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക
Director
Jesus Mission Vincentian Vidyabhavan Aluva
Phone: 0484-2604404, 2605147, Pin: 683102



Palakkad Rupatha Bulletin
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# തിരുബാലസഖ്യം

**തിരുബാലസഖ്യദിനം. ഫെബ്രുവരി 14 ഞായർ**

തിരുബാലസഖ്യദിനം എല്ലാവർഷവും ഫെബ്രുവരി മാസം രണ്ടാമത്തെ ഞായറാഴ്ചയാണ് ആചരിക്കുന്നത്. ഈ വർഷം ഫെബ്രുവരി 14-ാം തിയ്യതിയാണ് തിരുബാലസഖ്യദിനം. എല്ലാ യൂണിറ്റിലും തിരുബാലസഖ്യദിനം സമുചിതമായി ആഘോഷിക്കേണ്ടതാണ്. അന്നേ ദിവസം വി.കുർബാന മദ്ധ്യേ തിരുബാലസഖ്യാംഗങ്ങളുടെ ഗാനശുശ്രൂഷ, ബൈബിൾ പാരായണം, കാഴ്ച്ചസമർപ്പണം, എന്നിവയും സൺഡേ സ്കൂൾ കേന്ദ്രീകരിച്ച് തിരുബാലസഖ്യാംഗങ്ങളുടെ കലാപരിപാടികളും സംഘടിപ്പിക്കുന്നത് നല്ലതാണ്. ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ മുദ്രാവാക്യം "കുഞ്ഞുങ്ങൾ സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സന്ദേശവാഹകരായിത്തീരട്ടെ" എന്നതാണ്. ഇതിനോടനുന്ധിച്ചുള്ള പോസ്റ്ററുകൾ രൂപതാ കേന്ദ്രത്തിൽ നിന്നും ലഭ്യമാണ്. തിരുബാലസഖ്യദിനാചരണം മോടിയാക്കുവാൻ ബഹു.വികാരിയച്ചന്മാരുമായി ആലോചിച്ച് ബഹു.ആനിമേറ്റേഴ്സ് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ? എല്ലാ കുഞ്ഞുങ്ങൾക്കും തിരുബാലസഖ്യദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

**രൂപതാ കലോത്സവം- ഫെബ്രുവരി 13**

തിരുബാലസഖ്യത്തിന്റെ രൂപതാ കലോത്സവം നടത്തപ്പെടുന്നത് ഫെബ്രുവരി 13-ാം തിയ്യതി ശനിയാഴ്ച്ചയാണ്. ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും, രണ്ടും സ്ഥാനങ്ങളും കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനവും കരസ്ഥമാക്കുന്നവർക്ക് രൂപതാ തലത്തിൽ മത്സരിക്കാവുന്നതാണ്.

മത്സരദിനമായ ഫെബ്രുവരി 13-ാം തിയ്യതി രാവിലെ 9 മണിക്കു തന്നെ പാസ്റ്ററിൽ എത്തി ചെസ്റ്റ് നമ്പർ കൈ പറ്റേണ്ടതാണ്. പാസ്റ്ററൽ സെന്ററിൽ നിന്നും ഭക്ഷണം ആവശ്യമുള്ളവർ മത്സരം തുടങ്ങുന്നതിന് മുൻപേ തന്നെ പണമടച്ച് പേര് നല്കേണ്ടതാണ്. (കുട്ടികൾക്ക് 15 രൂപ/ മുതിർന്നവർക്ക് 25 രൂപ)

**തിരുബാലസഖ്യം കളക്ഷൻ**

തിരുബാലസഖ്യത്തിന്റെ പ്രധാന പ്രവർത്തനം സഹായിക്കുന്നതിലാണ്. കുഞ്ഞുങ്ങൾ സമാഹരിക്കുന്ന ഓരോ ചില്ലിക്കാശും സമാഹരിച്ച് തിരുബാലസഖ്യത്തിന്റെ രക്ഷാധികാരിയായ മാർപാപ്പായ്ക്ക് എല്ലാ വർഷവും അയച്ചുകൊടുക്കുന്ന പതിവുണ്ട്. അതിനാൽ ഈ വർഷം ഇടവകകളിൽ നാം സമാഹരിക്കുന്ന തുക മാർച്ച് മാസത്തിന് മുൻപായി രൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലേ. പാവങ്ങളെ സഹായിക്കാനുള്ള ഒരു മനസ്സ് വളർത്തിയെടുക്കാൻ അതിലൂടെ കുഞ്ഞുങ്ങൾക്ക് സാധിക്കും.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം

# മാതൃസംഘം

**അംഗത്വ നവീകരണം- മാസാചരണം**

2010 പ്രവർത്തന വർഷത്തേയ്ക്കുള്ള മുഴുവൻ അംഗങ്ങളെയും ഉൾപ്പെടുത്തി യൂണിറ്റ് അഫിലിയേഷൻ ഫോം പൂരിപ്പിക്കുക. 2 വർഷത്തിൽ കൂടുതലായ യൂണിറ്റ് ഭാരവാഹികൾക്ക് പുതിയ തിരഞ്ഞെടുപ്പ് നടത്തുക. 2010 ഡിസംബറിൽ 2011-12 വർഷങ്ങളിലേയ്ക്കുള്ള അംഗങ്ങളുടെ രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികളുടെ ഇലക്ഷൻ നടക്കും. അതിനാൽ ഇപ്പോഴുള്ള ഭാരവാഹികളുടെ ഒഴിവുകൾ നികത്തുക, തിരഞ്ഞെടുപ്പ് ആവശ്യമെങ്കിൽ 1 വർഷത്തേയ്ക്ക് തിരഞ്ഞെടുക്കുക.

**യൂണിറ്റ് അഫിലിയേഷൻ പുതുക്കൽ/ഫീസ്**

2010 വർഷത്തെ മാതൃസംഘം രൂപതാ അഫിലിയേഷൻ ഫോം 75/- രൂപ പുതുക്കൽ തുകയോടൊപ്പം 2010 ഫെബ്രുവരി 21ന് മുമ്പ് രൂപതയിൽ ഏല്പിക്കുക.

**രൂപത ജനറൽ ബോഡിയും കർമ്മപദ്ധതി പ്രകാശനവും**

2010 ഫെബ്രുവരി 21 ശനിയാഴ്ച്ച രൂപതാതല ജനറൽബോഡി മീറ്റിംഗ് സമ്മേളിക്കുന്നു.

**പിതൃദിനം**

2010 മാർച്ച് 19 കഴിഞ്ഞു വരുന്ന ഞായറാഴ്ച്ച യൂണിറ്റുകളിൽ പിതൃദിനമായി ആചരിക്കുകയും ഇടവകയിലെ പിതാക്കന്മാർക്ക് ഒരു ഏകദിന സെമിനാറും സംഘടിപ്പിക്കുക.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# K.C.S.L

**കലാമത്സരങ്ങൾ.**

കെ.സി.എസ്.എൽ സംസ്ഥാനതല മത്സരങ്ങൾ ഇത്തവണ കോതമംഗലം രൂപതയിൽ വച്ച് നടത്തപ്പെട്ടു. നമ്മുടെ രൂപതയിലെ എഴുപത്തഞ്ചോളം കെ. സി. എസ്. എൽ കൂട്ടുക്കാർ വിവിധങ്ങളായ മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു. 20 രൂപതകളിലെ കെ.സി.എസ്.എൽ കൂട്ടുക്കാർ പങ്കെടുത്ത വിവിധ മത്സരങ്ങളിൽ പാലക്കാട് രൂപത 151 പോയിന്റ് കരസ്ഥമാക്കി.

പങ്കെടുത്ത എല്ലാ കൂട്ടുക്കാർക്കും അവരെ പരിശീലിപ്പിച്ച അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**ആശംസകൾ**

കൂട്ടുക്കാരെ പരീക്ഷകൾ അടുത്ത് വരികയല്ലേ. നന്നായി പഠിക്കണേ. നന്നായി പഠിച്ചൊരുങ്ങി ഈശോയോടുകൂടെയിരുന്നു പരീക്ഷ എഴുതി ഏറ്റവും നല്ല വിജയം നേടാൻ എല്ലാവിധ ആശംസകളും.

**രൂപതാ മത്സരവിജയികൾ**

1. Mono Act- HS ection-IInd prize Elsa Shoby, Vijayamatha Chittoor
2. Light Music- HSS section - IIIrd prize - Nisa George, Cherupushpam school

1. Margamkali - Kanikkamatha A Grade
2. Light music - Cherupushpam, IIIrd, B Grade, Nisa Geroge.
3. Pana- Cherupushpam, A Grade, Nisa Geroge.
4. Mono Act - Cherupushpam, BGrade, Juhi Elz, Geroge.
5. English Speech - Cherupushpam, A, Grade, Jesmi.V Joesph
6. Study Circle Cherupusham, A Grade.
7. K.C.S.L Antham Cherupusham, C grade
8. കഥാപ്രസംഗം St.Thomas Olavakkode, B Grade, Athira Thomas
9. Malayalam Speech - Sreekrishnapuram, As Grade, Blessy

**H.S Section**

1. Malayalam Speech - Jellipara, A Grade, Jennifer
2. English Speech - St.Anns, A Grade, Elsa Kappan
3. Mono Act - Vijayamatha, IInd, A Grade, Elsa Shoby
4. കഥാപ്രസംഗം – Vijayamatha, B Grade, Elsa Shoby
5. മാർഗ്ഗം കളി – Cherupusham, B Grade
6. Study Circle - Cherupusham, A Grade
7. Light Music - Magalam Dam, A Grade, Sharon Tomy
8. KCSL Antham - Palakkayam, A Grade

**UP Secction**

1. Mono Act - Palakkayam, B Grade, Maria Sebastian
2. കഥാപ്രസംഗം – Palakkayam, A Grade, Maria Sebastian
3. KCSL Antham, Palakkayam, A Grade.
4. Light Music - Magalam Dam, B Grade, Jasheena Joseph
5. Pana - Magalam Dam, B Grade, Jasheena Joseph
6. English Speech - Cherupusham, A Grade, Aiswarya Baby
7. Margamkalli - Cherupusham, B Grade,
8. Malayalam Speech - Vijayamatha, B Grade, Richu JoJi
9. Study Circle - St.Thomas Kairady, A Grade

**ഫാ. ആന്റോ കീറ്റിക്കൽ**
ഡയറക്ടർ, കെ. സി.എസ്.എൽ.

# സി എൽ സി.

**മേഖല സെമിനാർ**

ഫെബ്രുവരി മാസത്തിൽ 10-ാം ക്ലാസ്സിന് താഴെയുള്ള സി.എൽ.സി അംഗങ്ങൾക്കായ് ഏകദിന സെമിനാർ ഒലവക്കോട് മേഖലയുടെ ആഭിമുഖ്യത്തിൽ ആ മേഖലയ്ക്കായ് നടത്തേണ്ടതാണ്.

**രൂപത എക്സിക്യൂട്ടിവ് മീറ്റിംഗ്**

ഫെബ്രുവരി 12 വെള്ളിയാഴ്ച്ച രാവിലെ 10 മണി മുതൽ 12.30 വരെ രൂപത എക്സിക്യൂട്ടിവ് മീറ്റിംഗ് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. എല്ലാ രൂപത എക്സിക്യൂട്ടിവ് അംഗങ്ങളും ഇതിൽ പങ്കെടുക്കേണ്ടതാണ്.

പ്രാർത്ഥന:- മാതാപിതാക്കൾ, ഗുരുക്കൾ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുക.

പഠനം:- വി.കൊച്ചുത്രേസ്യ- എളിമയുടെ പുണ്യവതി

പ്രവർത്തനം:- നോമ്പുകാലത്ത് ആഴ്ച്ചയിൽ ഒരുനേരം ഉപവസിച്ച് ലഭിക്കുന്ന ത്യാഗഫലം പാവങ്ങൾക്കായ് പങ്കുവെയ്ക്കുക.

**ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ**
ഡയറക്ടർ, സി.എൽ.സി.



Palakkad Rupatha Bulletin
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# കെ.സി.വൈ.എം.

**ഭാരവാഹികളുടെ ലിസ്റ്റ്**

ഫൊറോനയിലേയും യൂണിറ്റുകളിലേയും എല്ലാ പുതിയ ഭാരവാഹികളുടെയും പേരു വിവരങ്ങൾ ഉടൻതന്നെ രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സംസ്ഥാന സെനറ്റ്**

ജനുവരി 14,15,16,17 തിയ്യതികളിൽ കോഴിക്കോട്ടുവച്ച് നടന്ന സംസ്ഥാന സെനറ്റിൽ രൂപതയിൽ നിന്നും ഭാരവാഹികൾ സംബന്ധിച്ചു. പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ.

**തുടർ ധ്യാനം**

ഫെബ്രുവരി മാസം 11-ാം തിയ്യതി വൈകിട്ട് 5 മണി മുതൽ 12-ാം തിയ്യതി 4 p.m വരെ കഴിഞ്ഞ യുവജന ധ്യാനത്തിൽ സംബന്ധിച്ചവർക്കായുള്ള തുടർ ധ്യാനം നടക്കുന്നു. സെഹിയോനിൽ ധ്യാനത്തിനു സംബന്ധിച്ച എല്ലാവരേയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

**യുവജനങ്ങളുടെ ശ്രദ്ധയ്ക്ക്:**

*കേരള സർക്കാർ പി.എസ്.സി യുടെ ലാസ്റ്റ് ഗ്രേഡ്-ൽ അപേക്ഷ ക്ഷണിച്ച വിവരം അറിഞ്ഞിരിക്കുമല്ലേ. 7-ാം തരമാണ് ചുരുങ്ങിയ യോഗ്യത. എല്ലാ യുവജനങ്ങളും ഓൺലൈൻ ആയി application സമർപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

* മാർച്ച് മാസത്തിൽ വിവിധ കേന്ദ്രങ്ങളിൽ 10, 12 ക്ലാസ്സുകാർക്ക് പരീക്ഷ പരിശീലനം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ആവശ്യമായ അദ്ധ്യാപകരെ മുൻകൂട്ടി അറിയിച്ചാൽ രൂപതാ സമിതി ഏർപ്പാടാക്കി തരുന്നതാണ്. ഓരോ വിഭാഗത്തിലും ചുരുങ്ങിയത് 25 പേരടങ്ങുന്ന സംഘത്തെയാണ് പ്രതീക്ഷിക്കുന്നത്.

* പ്ലസ്‌വൺ, പ്ലസ്ടുക്കാർക്ക് Model question പേപ്പറുകൾ dhsekerala.gov.in എന്ന സർക്കാർ സൈറ്റിൽ ലഭ്യമാണ്. ആവശ്യക്കാർ ഉപയോഗപ്പെടുത്തുമല്ലോ.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.





# സി.എം.എൽ.

*പ്രാർത്ഥിച്ച് ഉപവസിച്ച് ശക്തരാകാം*

ഫെബ്രുവരി 2 ചൊവ്വ: കർത്താവിന്റെ ദേവാലയ പ്രവേശന സമർപ്പിതദിനം

**ഫെബ്രുവരി 7 ഞായർ: തിരുബാലസഖ്യ ദിനം**

ഫെബ്രുവരി 11 വ്യാഴം: മിഷൻ ലീഗ് അംഗങ്ങൾ ശാഖകളിൽ ഒരുമിച്ച്കൂടി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.

ഫെബ്രുവരി 15 തിങ്കൾ: വലിയനോമ്പ് ആരംഭിക്കുന്നു (വിഭൂതി) പ്രാർത്ഥന, നിയോഗം: എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്ക്.

**സമ്മാനകൂപ്പൺ**

സംഘടനാ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുവാനായി ശാഖാ, മേഖല, രൂപതാ,തലത്തിൽ പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ സമ്മാനകൂപ്പൺ എല്ലാ യൂണിറ്റിലേക്കും മേഖലാ ഭാരവാഹികൾ എത്തിക്കുക. Rs.10/ ആണ് കൂപ്പണിന്റെ വില. മൂന്നു രൂപ ശാഖയ്ക്കും, 3 രൂപ മേഖലയ്ക്കും അർഹതപ്പെട്ടതാണ്. സമ്മാനകൂപ്പൺ നറുക്കെടുപ്പ് 2010 ഏപ്രിൽ 15-ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നതാണ്. എല്ലാ മിഷൻ ലീഗ് അംഗങ്ങളും ഈ സംരംഭത്തോട് സഹകരിച്ച് ഇതൊരു വിജയമാക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. സുകൃതജപം: ഈശോ മറിയം യൗസേപ്പേ എന്റെ ആത്മാവിന് കൂട്ടായിരിക്കേണമെ.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ സി. എം. എൽ.

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2010 ഫെബ്രുവരി 01 മുതൽ 05 വരെ 15 മുതൽ 19 വരെ

ഫാ. ജോർജ്ജ് കുന്നേൽ
**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# നവീകരണ മുന്നേറ്റം

**സബ്സോൺ തലത്തിൽ മദ്ധ്യസ്ഥപ്രാർത്ഥനാ കൂട്ടായ്മകൾ**

| | | |
|---|---|---|
| കോയമ്പത്തൂർ | ഉക്കടംപള്ളി | എല്ലാ തിങ്കളും 10 am to 1 pm |
| മണ്ണാർക്കാട് | കണ്ടമംഗലം പള്ളി | എല്ലാ ചൊവ്വ 10 am to 3 pm |
| കാഞ്ഞിരപ്പുഴ | ഫൊറോന പള്ളി | എല്ലാ ബുധൻ 10 am to 3 pm |
| മേലാർക്കോട് | വള്ളിയോട് ഹോസ്പിറ്റൽ | എല്ലാ വ്യാഴം 10 am to 3pm |
| വടക്കഞ്ചേരി | ചാപ്പൽ | എല്ലാ വ്യാഴം 10 am to 3 pm |
| പാലക്കാട് | പാസ്റ്ററൽ സെന്റർ | വെള്ളി 10 am to 3pm |

എല്ലാ മാസവും 20-ാം തിയ്യതി രാത്രി 9 മണി മുതൽ പുലർച്ച 5.30 വരെ സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വെച്ച് താവളം സബ്സോൺ തലത്തിൽ രാത്രി ആരാധന നടക്കുന്നു.

**ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം.**

ആലപ്പുഴ നടന്ന കരിസ്മാറ്റിക് കൺവെൻഷന്റെ Follow up 22-1-2010 വെള്ളിയാഴ്ച്ച പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി.

2010 ഫെബ്രുവരി 19 വെള്ളിയാഴ്ച്ച 10.am മുതൽ 3.30 pm വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് അടുത്ത ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടക്കുന്നു.

**ഹോം മിഷൻ**

എളവമ്പാടം, യാക്കര ഇടവകകളിൽ ഹോം മിഷൻ ടീമിന്റെ നേതൃത്വത്തിൽ ഹോംമിഷൻ നടത്തി.

**ജാഗരണപ്രാർത്ഥന**

എല്ലാ മാസാവസാന വെള്ളിയാഴ്ച്ചയും നടത്തുന്ന ജാഗരണപ്രാർത്ഥന 2010 ഫെബ്രുവരി 26 വെള്ളിയാഴ്ച്ച രാത്രി 7 മണി മുതൽ പിറ്റേന്ന് രാവിലെ 5 മണിവരെ പാലക്കാട് സെന്റ്റാഫേൽ കത്തീഡ്രലിൽ വച്ച് നടത്തുന്നു.

**പി.എസ്.ടി**

പാലക്കാട് സർവ്വീസ് ടീം ഫെബ്രുവരി 12 വെള്ളിയാഴ്ച്ച 10am മുതൽ 3.30pm വരെ റവ.ഫാ.റെനി പുല്ലുകാലായിലിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടുന്നു.

**ക്രിസ്റ്റീൻ മിനിസ്ട്രി**

2010 ഫെബ്രുവരി 6,7 (ശനി, ഞായർ) തിയ്യതികളിൽ തത്തമംഗലം പള്ളിയിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം ഉണ്ടായിരിക്കുന്നതാണ്.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.





# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ഫെബ്രു. | 7-12 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർഖാൻ വട്ടായിൽ |
| ഫെബ്രു. | 14-19 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. സേവ്യർഖാൻ വട്ടായിൽ |
| ഫെബ്രു. | 21-26 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഫെബ്രു. | 28- മാർച്ച് 5 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

ഫെബ്രുവരി 7 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധീപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ഫെബ്രുവരി 21 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# പി.എസ്.എസ്.പി.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

ഭാരത സർക്കാറിന്റെ മാനവ വിഭവശേഷി വികസന മന്ത്രാലയത്തിൻ കീഴിൽ 2007 നവംബർ മുതൽ പ്രവർത്തനമാരംഭിച്ച ജൻശിക്ഷൻ സൻസ്ഥാൻ പാലക്കാട്, ഓരോ പ്രദേശത്തിന്റെയും വിഭവ ശേഷിയിൽ അധിഷ്ഠിതമായതും ജനങ്ങളുടെ സുസ്ഥിരമായ ജീവിത മാർഗ്ഗ വികസനത്തിന് ഉതകുന്നതുമായ തൊഴിൽ പരിശീലന പരിപാടികളാണ് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നത്.

സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കം നില്ക്കുന്ന മാനവശേഷിയുടെ സാങ്കേതിക മികവ് വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളുടെ പ്രവർത്തന മേഖല വിപുലപ്പെടുത്തുവാനും അതുവഴി നിലനിൽക്കുന്ന ജീവിത മാർഗ്ഗ വികസനം നേടുകയുമാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

കഴിഞ്ഞ 30 വർഷക്കാലമായി പാലക്കാടിന്റെ സമഗ്രവളർച്ചയ്ക്കുവേണ്ടി ധന്യമായ പ്രവർത്തനം നടത്തികൊണ്ടിരിക്കുന്ന പീപ്പിൾസ് സർവ്വീസ് സൊസൈറ്റി പാലക്കാടാണ് ഈ സാങ്കേതിക തൊഴിൽ പരിശീലന സ്ഥാപനത്തിന്റെ മേൽ നോട്ടം വഹിക്കുന്നത്.

2009-2010 സാമ്പത്തിക വർഷത്തിൽ മാനവ വിഭശേഷി മന്ത്രാലയം അനുവദിച്ചു തന്ന 24 വ്യത്യസ്ത കോഴ്സുകളിൽ 122 ബാച്ചുകളിലായി 2440 വ്യക്തികൾക്കാണ് തൊഴിൽ പരിശീലനം നല്ക്കുന്നത്. 2010 ഫെബ്രുവരി മാസത്തിൽ 110 ബാച്ചുകളുടെയും പരിശീലനം പൂർത്തിയാകും.

ഫെബ്രുവരി മാസത്തിൽ പൂർത്തികരിക്കപ്പെടുന്ന വിവിധ കോഴ്സുകളുടെ സർട്ടിഫിക്കറ്റ് വിതരണം റീജയണൽ ലെവൽ ശിൽപശാലകളിൽ വച്ച് നടത്തുന്നതാണ്.

I അട്ടപ്പാടി

| | | |
|---|---|---|
| 1. ടെയ്ലറിംഗ് | a. നെല്ലിപ്പതി<br>c. ഗുഡിയൂർ | b പല്ലിയറ, |
| 2. ഇലക്ട്രീഷ്യൻ | a. ഗുരുകുലം(അഗളി)<br>c.കാരറ | b ചിറ്റൂർ, |
| 3. അലുമിനിയം ഫാബ്രിക്കേഷൻ | a. കാരറ | b ചിറ്റൂർ |
| 4. കൂൺകൃഷി | a മുണ്ടൻപാറ | |

II വടക്കൻഞ്ചേരി

| | | |
|---|---|---|
| 1. കൂൺകൃഷി | a മഞ്ഞപ്ര,<br>c നെന്മാറ | b വടക്കഞ്ചേരി |
| 2. ടെയ്ലറിംഗ് | a പാലക്കുഴി | |
| 3. ആനിമൽ ഡിസ്ബൻസറി | a വചനഗിരി,<br>c മംഗലംഡാം, | b വടക്കൻഞ്ചേരി,<br>d മഞ്ഞപ്ര |
| 4. പൗൾട്രി | a കയറാടി, | b നീതിപുരം |



III മലമ്പുഴ

| | |
|---|---|
| 1.ഗൃഹോപകരണ റിപ്പയറിംഗ് | ഗിരിവികാസ് മലമ്പുഴ |
| 2. പേപ്പർ ബാഗ് നിർമ്മാണം | ഗിരിവികാസ് മലമ്പുഴ |

IV പെരുമാട്ടി

| | |
|---|---|
| 1. പൗൾട്രി 4 ബാച്ചുകൾ, | പെരുമാട്ടി,പട്ടഞ്ചേരി |
| 2. ടെയ്ലറിംഗ് | പെരുമാട്ടി |
| 3. ഫാബ്രിക് പെയിന്റിംഗ് | പെരുമാട്ടി. |

**ഹെൽപ്പ്ലൈൻ**

ഹൈൽപ്പ്ലൈൻ ഫോർ വിമൻ & ചിൽഡ്രൻ സ്തീകൾക്കും കുട്ടികൾക്കും സൗജന്യ കൗൺസലിംഗ് സഹായം നല്കുന്നതിനുവേണ്ടി പി.എസ്.എസ്.പിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈനിലൂടെ വിവിധ സ്കൂളുകളിൽ (സെന്റ് പോൾസ് ആലത്തൂർ, സ്കൂൾ, തത്തമംഗലം) തിങ്കൾ,ബുധൻ, വെള്ളി എന്നീ ദിവസങ്ങളിൽ. ഉച്ചക്ക് 2.p.m 5.p.m വരെ സൗജന്യ നിയമസഹായം ലഭിക്കുന്നതാണ്.

**ജില്ലാ വിമൻസ് ഫെഡ്**

ജില്ലാ വിമൻസ് ഫെഡിന്റെ ഫെബ്രുവരി മാസത്തെ മീറ്റിംഗ് ബുധനാഴ്ച്ച കാലത്ത് 11 മണിക്ക് പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയിൽ വച്ചു നടത്തുന്നു.

**സ്റ്റാഫ് മീറ്റിംഗ്**

9-1-10 ന് വെള്ളിയാഴ്ച്ച 10 മണി മുതൽ പി.എസ്.എസ്.പിയിൽ വച്ച് സ്റ്റാഫ് മീറ്റിംഗ് നടക്കുന്നു.

**ബ്ലോക്കു ഫെഡ് മീറ്റിംഗുകൾ**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8-2-10 | തിങ്കൾ | പാലക്കാട്ട്/ മലമ്പുഴ | തുഷാര, കയറാംകോട്ട് | 11 മണി |
| 10-2-10 | ബുധൻ | മണ്ണാർക്കാട് | പ്രിയ, ഇരുമ്പകചോല | 11 മണി |
| 11-2-10 | വ്യാഴം | ശ്രീകൃഷ്ണപുരം | ചൈതന്യ, ആലങ്ങാട്ട് | 11 മണി |
| 11-2-10 | വ്യാഴം | ആലത്തൂർ | ചെറുപുഷ്പം, വടക്കൻഞ്ചേരി | 11 മണി |
| 12-2-10 | വെള്ളി | നെന്മാറ | ഉദയം, കയറാടി | 11 മണി |
| 12-2-10 | വെള്ളി | കുഴൽമന്ദം | പുലരി, കളപ്പെട്ടി | 2 മണി |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

തിയ്യതി ദിവസം സ്ഥലം സമയം

| | | | |
|---|---|---|---|
| 16-2-10 | ചൊവ്വ | സാൻജോ ടവ്വർ | 10 മണി മുതൽ 2 മണി വരെ |
| 17-2-10 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 11 മണി മുതൽ 2 മണി വരെ |
| 18-2-10 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 11 മണി മുതൽ 2 മണി വരെ |

**മെഡി ക്ലെയിം**

ഓറിയന്റൽ ഇൻഷുറൻസ് കമ്പിനിയുമായി സഹകരിച്ച് യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് എന്ന പേരിൽ ഒരുമെഡി ക്ലെയിം പദ്ധതി നടത്തി വരുന്നു. അസുഖം മൂലം ആശുപത്രിയിൽ കിടന്നു ചികിത്സിക്കുന്നമ്പോൾ ചെലവാകുന്ന സംഖ്യം മടക്കി ലഭിക്കുന്നതാണ് പദ്ധതി. പദ്ധതിയിൽ ചേരുവാൻ ഒരാൾക്ക് 300 രൂപയും 5 അംഗകുടുംബത്തിന് 450 രൂപയും 7 അംഗകുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പിയുമായി ബന്ധപ്പെട്ടുക. ഒരു വർഷം 30,000 രൂപ വരെ ആനുകൂല്യം ലഭിക്കും.

**വനിതാദിനാഘോഷം**

ലോകവനിതാദിനം പ്രമാണിച്ച് മാർച്ച് 8-ന് തിങ്കളാഴ്ച്ച വിവിധ പരിപാടികളോടെ വനിതാദിനാഘോഷം പി.എസ്.എസ്.പി സംഘടിപ്പിക്കുന്നു. അയ്ക്കൂട്ട, മഹിളാസമാജ വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ഘോഷയാത്ര, സാംസ്ക്കാരിക സമ്മേളനം, കലാപരിപാടികൾ എന്നിവ നടക്കും.

**ന്യൂനപക്ഷ അയൽക്കൂട്ട രൂപീകരണം**

കേന്ദ്ര, സംസ്ഥാൻ സർക്കാരുകളുടെ ന്യൂനപക്ഷ ആനുകൂല്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിനു വേണ്ടി ഇടവകാതലത്തിൽ ന്യൂനപക്ഷ അയൽകൂട്ടങ്ങൾ പി.എസ്.എസ്.പി രൂപീകരിച്ചുവരുന്നു. താത്പര്യമുള്ള ഇടവകകൾ വികാരിയച്ചന്റെ സമ്മതത്തോടെ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ജൂബിലി ഹൗസിംഗ്**

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ആധാരം പി.എസ്.എസ്.പിയിൽ ഏല്പിച്ചിട്ടുള്ളവർ 2010 മാർച്ച് 31നു മുമ്പായി വികാരിയച്ചന്റെ കത്തുമായി വന്ന് ആധാരം മടക്കി വാങ്ങികൊണ്ടു പോകേണ്ടതാണ്.

**സേവ് എ ഫാമിലി**

സേവ് എ ഫാമിലി ഗുണഭോക്താക്കളുടെ ശ്രദ്ധയ്ക്ക്, ഫെബ്രുവരി മാസം മുതൽ ചൊവ്വാഴ്ച്ച മാത്രമായിരിക്കും ഓഫീസ് തുറന്ന പ്രവർത്തിക്കുക. ആയതിനാൽ എന്തെങ്കിലും ആവശ്യങ്ങൾക്കായി വരുന്നവർ ചൊവ്വാഴ്ച്ച ദിവസങ്ങളിൽ മാത്രം വരുവാൻ ശ്രദ്ധിക്കണം.



ഇനിയും സ്പോൺസേഴ്സിന് അയക്കേണ്ട കത്തുകൾ തരാത്തവർ ഉടൻ തന്നെ പി.എസ്.എസ്.പി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**പീഡിയാട്രിക് കെയർ ആൻഡ് സപ്പോർട്ട് പ്രോഗ്രാം**

എച്ച്.ഐ.വി / എയ്ഡ്സ് ബാധിതരായ കുട്ടികളുടെ ഫെബ്രുവരി മാസത്തെ പോഷകാഹാര കിറ്റ് വിതരണവും ഫെബ്രുവരി 27 ശനിയാഴ്ച്ച പകൽ 11 മുതൽ 3 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.

**EFID പരിസ്ഥിതി സൗഹൃദ സമഗ്ര കാർഷിക വികസന പദ്ധതി**

EFID പദ്ധതിയുടെ ഭാഗമായി പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാലക്കുഴി ജൈവഗ്രാമത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ.

അടുക്കളത്തോട്ടം, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി, കിണർ പുനരുദ്ധാരണം, സീറോബജറ്റ് കൃഷി, മഴക്കുഴി, കല്ലുകയ്യാലകൾ, മണ്ണ്കയ്യാലകൾ, സംഘം ട്രെയിനിംഗ്, നേച്ചർ ട്രെയിനിംഗ്, നീർത്തട വികസന കമ്മിറ്റി ട്രെയിനിംഗ്, ഓർഗാനിക് സർട്ടിഫിക്കേഷൻ.

| പദ്ധതികൾ | തുക | എണ്ണം |
|---|---|---|
| Small Business | 36,9500 | 43 പേർക്ക് |
| Fishing (മീൻ വളർത്തൽ) | 31,000 | 2 പേർക്ക് |
| Autorihshew (ഓട്ടോറിക്ഷ) | 65,000 | 5 പേർക്ക് |
| Diary (പശുവളർത്തൽ) | 43,7,000 | 41 പേർക്ക് |
| Goat raring (ആടുവളർത്തൽ) | 55,000 | 31 പേർക്ക് |
| Land Purchasing (സ്ഥലം വാങ്ങുവാൻ) | 70,000 | 5 പേർക്ക് |
| Tailaring (തുന്നൽ) | 25,000 | 3 പേർക്ക് |
| Education (വിദ്യാഭ്യാസം) | 65,000 | 8 പേർക്ക് |
| Agriculture (കൃഷി) | 45,000 | 5 പേർക്ക് |
| Paultry (പന്നിവളർത്തൽ) | 40,500 | 14 പേർക്ക് |
| Marriage (വിവാഹം) | 10,000 | ഒരാൾക്ക് |
| Medicine( മരുന്ന് വാങ്ങാൻ) | 20,000 | 4 പേർക്ക് |
| House repairing (വീടുനന്നാക്കൽ) | 57,000 | 5 പേർക്ക് |
| മരപ്പണി | 15,000 | 2 പേർക്ക് |
| ഗ്രയ്ന്റർ | 30,000 | 3 പേർക്ക് |
| വസ്ത്രവ്യാപാരം | 17,000 | 2 പേർക്ക് |

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Diary

**2009 ഡിസംബർ**

25 – ക്രിസ്തുമസ് ദിനത്തിൽ പാലക്കാട് കത്തീഡ്രലിൽ പിറവി കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

26 – കോടംതുരുത്ത് സെന്റ് ആന്റണീസ് ദേവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

27 – കൊടുന്തിരപ്പിള്ളി വിമലഹൃദയ ദേവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

– കഞ്ചിക്കോട് മരിയൻ വില്ലേജിലെ ക്രിസ്തുമസ് ആഘോഷപരിപാടിയിലും സിസ്റ്റർ വിക്ടോറിയായുടെ യാത്രയയപ്പ് സമ്മേളനത്തിലും ആദ്ധ്യക്ഷ്യം വഹിച്ചു.

– കോയമ്പത്തൂർ കെ. സി. എ. സിയുടെ ക്രസ്തുമസ് ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

28 – ചേരുംകുഴി ഇടവക ദൈവാലയത്തിൽ ഡീക്കൻ സനൽ കുറ്റിപ്പുഴക്കാരന് വൈദികപട്ടം നൽകി.

– പന്തലാംപാടം മേരിമാതാ ഇടവക ദൈവാലയത്തിൽ ഡീക്കൻ ജോസഫ് കളപ്പുരയ്ക്കലിന് വൈദികപട്ടം നൽകി.

29 – കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ ഡീക്കൻ ഷീജോ മാവറയിലിന് വൈദികപട്ടം നൽകി.

– പാലക്കയം സെന്റ് മേരീസ് ഇടവക ദൈവാലയത്തിൽ ഡീക്കൻ ജോമി തേക്കുംകാട്ടിലിന് വൈദികപട്ടം നൽകി.

30 – ത്രിത്വമല ഹോളിട്രിനിറ്റി ഇടവക ദൈവാലയത്തിൽ ഡീക്കൻ സീജോ കാരിക്കാട്ടിലിന് വൈദികപട്ടം നൽകി.

**2010 ജനുവരി**

1 – മണ്ണാർക്കാട് ഹോളി സ്പിരിറ്റ് ഫൊറോന ദൈവാലയത്തിൽ ഡൊമിനിക്കൻ സന്യാസാർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷക്ക് നേതൃത്വം നൽകി, വി. കുർബാനയർപ്പിച്ചു.

2 – കാലടി സെന്റ് തോമസ് ദൈവാലയത്തിൽ കുട്ടികൾക്ക് മാമ്മോദീസയും സ്ഥൈര്യലേപനവും പ്രഥമ ദിവ്യകാരുണ്യവും നൽകി വി. കുർബാനയർപ്പിച്ചു.

– മുരിങ്ങൂർ ഡിവൈൻ ധ്യാന കേന്ദ്ര സുപ്പീരിയർ റവ. ഫാ. ജോർജ്ജ് കമ്മട്ടി വി.സിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ധ്യാനത്തിൽ വി. കുർബാനയർപ്പിച്ചു.





– ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിൽ ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷനെ സന്ദർശിച്ചു.

3 – കുനിയംമുത്തൂർ സെന്റ് മാർക്ക് ദൈവാലയത്തിലെ യുവജന സംഗമത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

4 – കോട്ടയം അതിരൂപതാ ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട് അരമന സന്ദർശിച്ചു.

5 – കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വെച്ച് നടത്തപ്പെട്ട വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

6 – മുണ്ടൂർ യുവക്ഷേത്രയിൽ നടന്ന പ്രീ കാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

7 – മേലാർക്കോട് സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ചു.

8 – റവ. സി. ഫോർച്ചുനേറ്റ സി.എം.സിയുടെ മൃതദേഹ ശുശ്രൂഷയ്ക്ക് ജെയ്ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസിൽ നേതൃത്വം നൽകി.

9 – ബാലേശ്വരം ഇൻഫന്റ് ജീസസ് ഇടവക ദൈവാലയത്തിൽ ഡീക്കൻ മനേഷ് പാറയ്ക്കലിന് R.C.J. വൈദികപട്ടം നൽകി.

10 – ഇളനാട് ഇടവക ദൈവാലയ വികാരി ഫാ. ജോർജ്ജ് കക്കാട്ടിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയോടനുബന്ധിച്ച് കൃതജ്ഞതാബലി അർപ്പിച്ചു.

11 – വളമംഗലം തിരുഹൃദയ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

11–15 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ ബിഷപ്സ് സിനഡിൽ സംബന്ധിച്ചു.

15 – പ്രേഷിത പ്രൊവിൻഷ്യാൾ, ബഹു. ആന്റണി പുത്തനങ്ങാടി സി.എം.ഐയുടെ മാതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയ്ക്ക് പഴുവിൽ കാർമ്മികത്വം വഹിച്ചു.

16 – കോയമ്പത്തൂർ ഡിവൈൻ ധ്യാന ഇല്ലത്തിലെ ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി.

17 – പൂമാർക്കറ്റ് സെന്റ് ജോസഫ് ഇടവകയിൽ കുട്ടികൾക്ക് സ്ഥൈര്യലേപനവും പ്രഥമ ദിവ്യകാരുണ്യവും നൽകി വി. കുർബാനയർപ്പിച്ചു. തിരുനാൾ കൊടിയേറ്റം നിർവ്വഹിച്ചു.

– കൗണ്ടംപാളയം സെന്റ് ജോസഫ് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

18 – രൂപതാ കാര്യാലയത്തിൽ വൈദികരുടെ സെനറ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– പുതുതായി രൂപംകൊണ്ട രാമനാഥപുരം രൂപതയുടെയും നിയുക്ത മെത്രാന്റെയും പ്രഖ്യാപന സമ്മേളനത്തിന് രൂപതാകാര്യാലയത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.